# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## അരീക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.7/2687/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.7/2687/2023 തീയ്യതി: 18/12/2023

## മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2023 മുതൽ 22-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 30-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2023 | 30-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ സത്താർ .സി.പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ.എം,അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജാത.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി.ഹസീന.സി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അബ്ദു ഹാജി.ടി.കെ.ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.വിനി.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അരവിന്ദൻ.പി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ഗിരീഷ്.എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.ചന്ദ്രൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശാന്തകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.നജ്മുദ്ദീൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സന്ധ്യ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.അമാനിഷ | വി.ഇ.ഒ 1 | 01-04-2022 | 23-06-2022 |
| ശ്രീ.രതീഷ്.വി.വി | വി.ഇ.ഒ 1 | 24-06-2022 | 15-08-2022 |
| ശ്രീമതി.മീനാക്ഷി | വി.ഇ.ഒ 1 | 16-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഒഴിവ് | വി.ഇ.ഒ 2 | 01-04-2022 | 28-06-2022 |
| ശ്രീ.റെജി.പി | വി.ഇ.ഒ 2 | 29-06-2022 | 31-03-2023 |
| ഡോ.സ്മിത എ റഹ്മാൻ | മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 26-04-2022 |
| ഡോ.അഫ്ന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.അനീഷ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.സ്വാബിർ നാലകത്ത് | മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ | 27-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തിയില്ല. | 1-1-5 |
| 7 | രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല | 1-1-6 |
| 8 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക നില | 1-3 |
| 11 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം. | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 18 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-11 |
| 19 | തനതു വരുമാനം-അവലോകനം. | 1-12 |
| 20 | ലൈസൻസ് വരവ്-അപാകതകൾ. | 1-13 |
| 21 | തൊഴിൽ നികുതി -അപാകതകൾ | 1-14 |
| 22 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം | 1-15 |
| 23 | ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു. | 1-16 |
| 24 | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിന് വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 25 | തെരുവ് വിളക്ക് - സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും- പ്രവൃത്തി പൂർത്തീകരണ വിവരം/ വിനിയോഗ വിവരം ലഭ്യമല്ല | 1-18 |
| 26 | ടെണ്ടർ ബിലോ കുറവ് ചെയ്യാതെ പണം നൽകി ₹ 151762 നഷ്ടം | 1-19 |
| 27 | പഞ്ചായത്ത് ഓഫീസ് നവീകരണം -വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 28 | സൗരോർജ്ജം നിലയം സ്ഥാപിക്കൽ- ഇൻസ്റ്റാളേഷൻ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. | 1-21 |
| 29 | തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ | 1-22 |
| 30 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- അപാകതകൾ | 1-24 |
| 31 | ജലജീവൻ മിഷൻ പദ്ധതി- പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-25 |
| 32 | വാതിൽപ്പടി സേവനം- പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-26 |
| 33 | ബെയ്‌ലിംഗ് മെഷീൻ വാങ്ങൽ- പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-27 |
| 34 | പാലിയേറ്റീവ് മരുന്നു വാങ്ങൽ- മുഴുവൻ മരുന്നു ലഭിച്ചിട്ടില്ല. | 1-28 |
| 35 | ഹോമിയോ മരുന്നു വാങ്ങൽ- മുഴുവൻ മരുന്നു ലഭിച്ചിട്ടില്ല. | 1-29 |
| 36 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-30 |
| 37 | അനുമതിയില്ലാത്ത ബാങ്ക് അക്കൗണ്ട്. | 1-31 |
| 38 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-32 |
| 39 | ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-33 |
| 40 | നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല. | 1-34 |
| 41 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-35 |
| 42 | എസ്.എസ്.കെ വിഹിതം - പ്രൊജക്റ്റ് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-36 |
| 43 | ടെണ്ടർ നടപടി പാലിക്കാതെ വാങ്ങൽ | 1-37 |
| 44 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായ വാങ്ങൽ | 1-38 |
| 45 | തെങ്ങിന് ജൈവ വളം- അപാകതകൾ | 1-39 |
| 46 | വിദ്യാഭ്യാസ സ്ഥാപനത്തിലെ -അനധികൃത കെട്ടിടങ്ങൾ. | 1-40 |
| 47 | ഫുട്ബാൾ വീഡിയോ ആൽബം ഷൂട്ട് ചെയ്യുന്നതിന് അനുമതി - പഞ്ചായത്ത് തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-41 |

| | | |
|---|---|---|
| 48 | ആസ്തി രജിസ്റ്റർ കാലികമാക്കൽ - ഭരണ സമിതി തീരുമാനം നടപ്പാക്കിയിട്ടില്ല. | 1-42 |
| 49 | കുളത്തിന്റെ ഉടമസ്ഥത -പഞ്ചായത്ത് തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-43 |
| 50 | അനധികൃത കെട്ടിട നിർമ്മാണം പഞ്ചായത്ത് ഭരണ സമിതി തീരുമാനം നടപ്പാക്കിയ വിവരം ലഭ്യമല്ല. | 1-44 |
| 51 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക - പഞ്ചായത്ത് തീരുമാനം നടപ്പാക്കിയിട്ടില്ല. | 1-45 |
| 52 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-46 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29-07-2023 ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അരീക്കോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അരീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറംഃ
തീയതി:

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

## 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (1959056) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (3258767) തുല്യമല്ല.

## 1-1-5 ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തിയില്ല.

ബാങ്ക് റികൺസിലേഷൻ പത്രികകൾ യഥാസമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-6 രജിസറ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല

ചുവടെ ചേർത്ത രജിസറ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ലാത്തതിനാൽ ടി ഇനങ്ങളിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

A) തൊഴിൽ നികുതി രജിസ്റ്റർ, B)ലേലം രജിസ്റ്റർ, C) സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, D) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ.

## 1-1-7 ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 21,353,976 രൂപ നിക്ഷേപമുണ്ട്. ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./ തിയ്യതി |
|---|---|
| 1(1)/2023 - 21.03.2022 | 2(1)/2023- 21.03.2023 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 46674339 |
| വരവ് | 146279168 |
| ആകെ | 192953507 |
| ചെലവ് | 144320112 |
| നീക്കിയിരിപ്പ് | 48633395 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16174467 | 16174467 | 15423380 | 751087 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7213489 | 7213489 | 7086514 | 126975 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8029000 | 8029000 | 6385602 | 1643398 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5049000 | 5049000 | 5034954 | 14046 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ് ബേസിക്) | 0 | 3072000 | 3072000 | 3011364 | 60636 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റ്റൈഡ്) | 0 | 5174971 | 5474971 | 4990155 | 184816 |

13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ് ബേസിക്) ലെ ACR പ്രകാരമുള്ള നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 292 | 126423467 | 151 | 75766810 | 20 | 121 | 51.71 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 48837 | 912199 | 961036 | 960150 | 886 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14379193 | 14379193 | 14379193 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | |
| കർഷക തൊഴിലാളി പെൻഷൻ | 3037600 | 2031 |
| വിധവാപെൻഷൻ | 12107500 | 7685 |
| വാർദ്ധക്യകാലപെൻഷൻ | 17945500 | 12221 |
| വികലാംഗപെൻഷൻ | 4267600 | 2708 |
| വിവാഹധനസഹായം | 330000 | 11 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 254400 | 159 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2023 ന് 2.42 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2535/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2022-23 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. - പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടില്ല
2. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

3. കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിട നമ്പർ എന്നിവയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിൽ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണോ എന്നത് സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിക്കുന്നില്ല.
4. ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
6. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
7. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
8. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ , സ്പെഷ്യൽ TSB അക്കൗണ്ട് എന്നിവയിൽ കണക്കിൽപെടാത്ത പണം അവശേഷിക്കുന്നു.
9. അസിസ്റ്റന്റ് സെക്രട്ടറിയടക്കം പല നിർവഹണ ഉദ്യോഗസ്ഥരും പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രൊജക്ട് നിർവഹണത്തിന് ചുമതലപ്പെടുത്തുന്ന എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകിയെന്ന് സെക്രട്ടറി ഉറപ്പാക്കി ആയതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതാണ്.
10. നിർവഹണ ഉദ്യോഗസ്ഥരുടെ രസീതി ബുക്കിലെ ഉപയോഗിക്കാത്ത രസീതികൾ റദ്ദാക്കാതെ കിടക്കുന്നതായി കാണാൻ കഴിഞ്ഞു. ഉപയോഗിക്കാത്ത രസീതികളുടെ അസ്സലുകളും പകർപ്പുകളും റദ്ദു ചെയ്യുകയോ, അല്ലെങ്കിൽ തുടർ വർഷങ്ങളിലും ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്.
11. സെക്രട്ടറിയടക്കം പല നിർവഹണ ഉദ്യോഗസ്ഥരും വാങ്ങൽ നടപടിക്രമം പാലിക്കുമ്പോൾ, ബില്ലുകളിലും ഇൻവോയ്സുകളിലും സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നില്ല. ഏതൊരു സാധനം വാങ്ങിയാലും ആയതിന്റെ പർച്ചേസ് ബില്ലുകളിലും ഇൻവോയ്സുകളിലും സ്റ്റോക്ക് വിവരം രേഖപ്പെടുത്തുകയും, സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരവും, ഉപകരണങ്ങൾക്കും ഫർണിച്ചർ പോലെയുള്ളവയ്ക്കും, സ്റ്റോക്ക് നമ്പർ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സർക്കാർ-ഗ്രാമ ലക്ഷ്മി മുദ്രാലയം എന്നിവർ അച്ചടിച്ച സ്റ്റോക്ക് രജിസ്റ്റർ തന്നെ ഇതിനായി ഉപയോഗിക്കുകയും, ആവശ്യമുള്ള നിർവഹണ ഉദ്യോഗസ്ഥർക്ക് ആയത് സെക്രട്ടറി വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും മറ്റേതെങ്കിലും രജിസ്റ്ററുകളോ ബ്ലാങ്ക് രജിസ്റ്ററുകളോ സ്റ്റോക്ക് രജിസ്റ്റർ ആയി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.
12. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ കെട്ടിട നിർമാണ ചട്ടങ്ങൾ, മാലിന്യ സംസ്കരണ ചട്ടങ്ങൾ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. ഓഫീസ് താഴെ നിലയിലേക്ക് മാറ്റിയപ്പോൾ, മുമ്പ് ഓഫീസായി ഉപയോഗിച്ചിരുന്ന മുകൾ നിലയിൽ ഫയലുകളും ഫർണിച്ചറുകളും ശുചി മുറികളും അലക്ഷ്യമായി കിടക്കുന്നതു ഇക്കാര്യത്തിലെ വീഴ്ചകൾക്ക് ഉദാഹരണമാണ്. പഞ്ചായത്തിൽ 4 FTS മാർ ഉണ്ടായിട്ടും ഫലപ്രദമായി വിനിയോഗിച്ച് പഞ്ചായത്ത് കാര്യാലയം വൃത്തിയോടെ നിലനിർത്താൻ കഴിയാത്തത് വിശദീകരിക്കപ്പെടേണ്ടതാണ്.
13. പഞ്ചായത്ത് കാര്യാലയത്തിലും ഘടക സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഉപയോഗരഹിതമായ ഉപകരണങ്ങൾ, ടയറുകൾ, ഫർണിച്ചർ തുടങ്ങിയവ അതാതു സമയമോ വർഷത്തിലൊരിക്കലെങ്കിലോ നിയമവിധേയമായി കൈയൊഴിഞ്ഞ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങളുടെ ഭാഗമായി കൊണ്ടു വരുന്ന സാമ്പിളുകൾ പ്രസ്തുത നടപടികൾ പൂർത്തിയായാലുടൻ തിരിച്ചു കൊണ്ടു പോകാനും അല്ലാത്ത പക്ഷം പഞ്ചായത്തിൽ മുതൽക്കൂട്ടി ഉപയോഗപ്പെടുത്താനും നടപടിയെടുക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ടെണ്ടർ/ ക്വട്ടേഷൻ നിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
14. ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ കാര്യാലയങ്ങളുടെയും ഭൗതിക സൗകര്യങ്ങൾ, മെയിന്റനൻസ്, ജീവനക്കാരുടെ സൗകര്യങ്ങൾ, ഹാജർ, ഒഴിവ്, പൊതുജനങ്ങൾക്കുള്ള സേവന ലഭ്യത എന്നിവ ഗ്രാമ പഞ്ചായത്ത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.
15. ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടത്തിനു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതും, പ്രസ്തുത നടപടി മൂലം പരിസരവാസികൾക്ക് വഴി സൗകര്യം നഷ്ടപ്പെടുന്ന അവസ്ഥ വരാതിരിക്കാൻ ആവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്.
16. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന്ന് ക്രിയാത്മകമായ സമീപനങ്ങൾ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.12.2022 | 2022-23 | 24.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.08.2013 | 2012-13 | 29.08.2013 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 177/2014-15 - 3 പട്ടികജാതി കോളനികളിലേക്ക് കുടിവെള്ളം എത്തിക്കൽ-2013-14 ൽ കെ.ഡബ്ളി.യു ക്ക് അടവാക്കിയതിൽ കുറവ് വന്ന തുക പരിഹരിക്കൽ | 2014-15 | കേരളാ വാട്ടർ അതോറിറ്റി | 22430/- | Development Fund(S.C.P) - 22430 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 22430 |
| 2 | 80/16അംഗനവാടികൾക്കും കൃഷിഭവനും വാട്ടർ കണക്ഷന് കെ.ഡബ്ലിയു.എ.ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | 2015-16 | കേരളാ വാട്ടർ അതോറിറ്റി | 88374/- | Own Fund - 88374 | ,, | 88374 |
| 3 | 257/16അരീക്കോട് കുടിവെള്ള പദ്ധതി (കെ.ഡബ്ളിയു. എ) യുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ കുടിവെള്ള ക്ഷാമമുള്ള ഏരിയയിലേക്ക് നീട്ടൽ | 2015-16 | കേരളാ വാട്ടർ അതോറിറ്റി | 600000 | Development Fund(General) - 181050 , Own Fund - 418950 | | 600000 |
| 4 | 184/17അരീക്കോട് കുടിവെള്ള പദ്ധതി (കെ.ഡബ്ളിയു. എ) യുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ കുടിവെള്ള ക്ഷാമമുള്ള ഏരിയയിലേക്ക് നീട്ടൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 600000 | Own Fund - 600000 | | 600000 |
| 5 | 192/17മേത്തലങ്ങാടി ഭാഗം,നെല്ലൂർപള്ളി ക്ഷേത്രം,സൌത്ത് പുത്തലം അങ്കണവാടി എന്നിവക്ക് കെഡബ്ല്യുഎ കുടിവെള്ള പൈപ്പ് ലൈന് | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 350000 | Own Fund - 350000 | | 350000 |
| 6 | 194/23 പാറക്കുളങ്ങര എസ് സി കോളനി കെ ഡബ്ലിയുഎ കുടിവെള്ളപൈപ്പ് ലൈന് നീട്ടല് | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 300000 | Development Fund(S.C.P) - 300000 | | 300000 |
| 7 | 9/18അരീക്കോട് കുടിവെള്ള പദ്ധതി (കെ.ഡബ്ളിയു. എ) യുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ കുടിവെള്ള ക്ഷാമമുള്ള ഏരിയയിലേക്ക് നീട്ടൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 1000000 | Development Fund(CFC Basic Grant ) - 1000000 | | 1000000 |
| 8 | 10/18അംഗനവാടികൾക്കും സബ്സെന്ററുകൾക്കും വാട്ടർ കണക്ഷന് കെ.ഡബ്ലിയു.എ.ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 200000 | Development Fund(CFC Basic Grant ) - 200000 | | 200000 |
| 9 | 28/18അരീക്കോട് കുടിവെള്ള പദ്ധതി (കെ ഡബ്ല്യൂ എ)യുടെ കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ ( എസ് സി ) | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 1500000 | Development Fund(S.C.P) - 1500000 | | 1500000 |
| 10 | 333/18നടുക്കാവുങ്ങൽ - ചെമ്രക്കാട്ടൂർ ഭാഗത്തേക്ക് KWA പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 16386 | Own Fund - 16386 | | 16386 |
| 11 | 4/2018-19 - എസ്.സി കോളനികളിലേക്ക് കെ.ഡബ്ല്യൂ.എ യുടെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2018-19 | കേരളാ വാട്ടർ അതോറിറ്റി | 400000 | Development Fund(S.C.P) - 400000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 400000 |
| 12 | 25/19 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 499966 | Own Fund - 499966 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 499966 |
| 13 | 275/19 താഴത്തങ്ങാടി തോണിപറമ്പ് പ്രദേശത്തേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ- KWA ഡെപോസിറ്റ് | 2018-19 | കേരളാ വാട്ടർ അതോറിറ്റി | 120000 | Own Fund - 120000 | ,, | 120000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | 331/19 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 37587 | Own Fund - 37587 | ,, | 37587 |
| 15 | 341/19 പുത്തലം കോലോത്ത് കടവ് റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2018-19 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(General) - 100000 | ,, | 100000 |
| 16 | 249/20 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 199652 | Development Fund(CFC Basic Grant ) - 199652 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 199652 |
| 17 | 125/21 അരീക്കോട് കുടിവെള്ള പദ്ധതി (കെ.ഡബ്ളിയു.എ) യുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ കുടിവെള്ള ക്ഷാമമുള്ള ഏരിയയിലേക്ക് നീട്ടൽ | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 710000 | Development Fund(CFC Basic Grant ) - 710000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 710000 |
| 18 | 264/21 ജല ജീവൻ മിഷൻ- ഗാർഹിക കുടിവെള്ള കണക്ഷൻ- പഞ്ചായത്ത് വിഹിതം | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 1900000 | 1900000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1900000 |
| 19 | 26/22 ജലജീവൻ മിഷൻ- ഗാർഹിക കുടിവെള്ള കണക്ഷൻ- പഞ്ചായത്ത് വിഹിതം | 2021-22 | കേരളാ വാട്ടർ അതോറിറ്റി | 1900000 | 1900000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1900000 |
| 20 | 210/22 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന് വേണ്ടി കുഴൽ കിണർ നിർമ്മാണം | 2021-22 | ഭൂജലവകുപ്പ് | 55916 | Development Fund(CFC Tied Grant ) - 55916 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 55916 |
| 21 | 212/22 തെരുവ് വിളക്ക് - സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 2950000 | Development Fund(CFC Basic Grant ) - 2950000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 2950000 |
| | **ആകെ** | | | **13550311** | | **0** | **13550311** |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 28/ 29.11.2023 മറുപടി ലഭ്യമാക്കിയില്ല)

## 1-12 തനതു വരുമാനം-അവലോകനം.

തനതു വരുമാനം- അരീക്കോട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 16 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ച് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. 22-23 വർഷത്തെ വസ്തു നികുതി 100% പിരിക്കുന്നതിനു വേണ്ടി 09.12.2022 മുതൽ 30.12.2022 വരെ നികുതി പിരിവ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും വസ്തു നികുതി പിരിവ് 95.41% മാത്രമേ കൈവരിച്ചിട്ടുള്ളൂ.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അരീക്കോട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 25.09.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 4/4(1) നമ്പർ തീരുമാന പ്രകാരം 27.09.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). 25.09.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 4/4(1) നമ്പർ തീരുമാന പ്രകാരം മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസും (കരട്) പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരുവിലും പരിഗണിച്ചതായി സെക്ഷൻ അറിയിച്ചു. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 26.10.2023 ലെ 2/2(1) ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും 40 പേരെ നിയമിച്ച് ഗ്രാമപഞ്ചായത്തിൽ ലഭിച്ച 617 അപേക്ഷകളിൽ (9B) നിലവിൽ ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം ആരംഭിച്ചിട്ടുണ്ട്.

<u>സേവന ഉപനികുതി</u>

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

അരീക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്

<u>തൊഴിൽ നികുതി</u>

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/ തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും

വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

4) പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും നിലവിൽ തൊഴിൽ നികുതി ഈടാക്കുന്നില്ല.ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 551 സ്ഥാപനങ്ങളിൽ നിന്നായി 4,24,650/-[ RP(45) തൻവർഷം + B9മുൻവർഷം] രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്നവർക്ക് പുതുക്കി നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

വാടക

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 108 കടമുറികളിൽ 41 എണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്.ആയത് ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**രജിസ്ട്രേഷൻ ഫീസ്**

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 2300/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. 2022-2023 വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷത്തിൽ ഈ ഇനത്തിൽ 950/- രൂപയാണ് വരവ് വന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും കണ്ടെത്തി അവയിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

റെഗുലറൈസേഷൻ ഫീസ്.

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം റഗുലറൈസേഷൻ ഫീസിനത്തിൽ 311176/-രൂപയുടെ വരവുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ.34/22-23/30.11.23

## 1-13 ലൈസൻസ് വരവ്-അപാകതകൾ.

1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കുവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് ലൈസൻസ് നൽകി വരികയാണ് ചെയ്യുന്നത്. എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ 551 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2.ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നു.

പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ള താഴെപ്പറയുന്ന റൂമുകളിൽ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തേക്ക് ലൈസൻസ് എടുത്തതായി ലൈസൻസ് രജിസ്റ്ററിൽ കാണുന്നില്ല.

| ക്രമ നമ്പർ | റൂം നമ്പർ | വാടക |
|---|---|---|
| 1 | 6/1200 | കൊന്നാലത്ത് അബ്ദു റഹിമാൻ |
| 2 | 6/1201 | പുതിയാട്ടിൽ സുകുമാരൻ |
| 3 | 6/1202 | ടി.കെ.ടി അബ്ദുള്ള |
| 4 | 6/1209 | സക്കീർ പന്തലാഞ്ചേരി |
| 5 | 6/1213 | അമ്പായത്തിങ്ങൽ മൂസക്കുട്ടി |
| 6 | 6/1214 | വി.പി ഭാസ്കരൻ |
| 7 | 6/1216 | മുജീബ് കൊമ്പൻ |
| 8 | 6/1217 | അബ്ദുൾ ജലീൽ.കെ.ടി |
| 9 | 6/1219 | രാജേഷ് കുമാർ.പി |
| 10 | 6/1223,6/1224 | ഡോ.മനു ജേക്കബ് പോൾ |
| 11 | 7/213 | റുഖിയ.കെ.പി |

| | | |
|---|---|---|
| 12 | 7/338 | തയ്യിൽ ഷൗക്കത്തലി |
| 13 | 7/339 | മോഹൻദാസ് പാലത്തിങ്ങൽ |
| 14 | 7/343A | അബ്ദുൾ കരീം.ടി |
| 15 | 7/343B | അബ്ദുൽ സത്താർ.കെ |
| 16 | 7/343C | കസ്തൂരി.പി |
| 17 | 7/343D,E | ഷറഫുദ്ധീൻ.പി.ടി |
| 18 | 7/343G | ഷാഫി.ടി |
| 19 | 7/343H | ജമീല മഠത്തിൽ |
| 20 | 7/343 I | ഷിജിലേഷ് തിരുത്തിയിൽ |
| 21 | 7/343 M | ജാഫർ.വി |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ 2022-23 വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3.റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിപ്പിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ-43/22-23/30.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| **ക്രമ നമ്പർ** | **സ്ഥാപനം** | **2022-23ൽ തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം** |
|---|---|---|
| 1 | ആസ്റ്റർ മദർ ഹോസ്പിറ്റൽ, അരീക്കോട് | I |
| 2 | വി.പി.എം പെട്രോളിയം, അരീക്കോട് | II |
| 3 | ഹസൂൺ ഡെന്റൽ ക്ലിനിക്ക്, അരീക്കോട് | I,II |
| 4 | അരീക്കോട് ഇൻഡസ്ട്രീസ്, അരീക്കോട് | I,II |
| 5 | ചാത്തൻകണ്ടത്തിൽ ഫൈനാൻസ്, അരീക്കോട് | I,II |
| 6 | സാൻകോ ഇന്ത്യ(ട്രീം ഇന്റർവെൽ), അരീക്കോട് | II |
| 7 | പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്,ഉഗ്രപുരം | I |
| 8 | ഗെയിൽ ഇന്ത്യ ലിമിറ്റഡ്, ആലുക്കൽ | I, II |
| 9 | റബ്ബർ ബോർഡ് , അരീക്കോട് | I,II |
| 10 | ശ്രീറാം ഫിനാൻസ് ലിമിറ്റഡ്, അരീക്കോട് | I |
| 11 | ഐ.സി.ഐ.സി.ഐ ബാങ്ക്, അരീക്കോട് | I |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2) സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| **ക്രമ നമ്പർ** | **സ്ഥാപനം** | **2022-23ൽ തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം** |
|---|---|---|
| 1 | ശ്രീറാം ഫിനാൻസ് ലിമിറ്റഡ്, അരീക്കോട് | I |
| 2 | ചാത്തൻകണ്ടത്തിൽ ഫൈനാൻസ്, അരീക്കോട് | I,II |
| 3 | കെ.എസ്.ഇ.ബി,അരീക്കോട്, അരീക്കോട് | I, II |
| 4 | ഐ.സി.ഐ.സി.ഐ ബാങ്ക്, അരീക്കോട് | I |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

3.ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022-23സാമ്പത്തിക വർഷം ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രജിസ്റ്ററും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ലൈസൻസിയുടെ പേര്. | ലൈസൻസ് നമ്പർ |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | ടാക്ക വുഡ് ഇൻഡസ്ട്രീസ്, അരീക്കോട് | 6 | മുഹമ്മദ് .എം.കെ | 190/2022-23/28.02.2022 |
| 2 | ടാക്ക സോമിൽ., അരീക്കോട് | 5 | ഷമീന.കെ | 191/22-23/28.02.2022 |
| 3 | ടാക്കാ പാനൽസ്., അരീക്കോട് | 15 | ഷിഹാബുദ്ധീൻ.എം.കെ | 188/22-23/10.03.2022 |
| 4 | ടാക്കാ ബോർഡ്സ്, അരീക്കോട് | 6 | ഷിഹാബുദ്ധീൻ.എം.കെ | 187/22-23/10.03.2022 |
| 5 | അക്കോസ്റ്റ ഇന്റീരിയോ , അരീക്കോട് | 6 | ഷിഹാബുദ്ധീൻ.എം.കെ | 189/22-23/10.03.2022 |
| 6 | പിക്കാർഡ്സ്, ഉഗ്രപുരം | 10 | മുഹമ്മദ് സക്കരിയ്യ.എം.പി | 262/22-23/05.04.22 |

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. 2022-23 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

4.2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം അരീക്കോട് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

5.രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ-31/22-23/29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ സഹിതം മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ശ്രീ. വി.കെ.ബഷീർ, വി.കെ.എം(ഹൗസ്) എന്നവർക്ക് 2022-23 ൽ ഹൈപ്പർ മാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ചത് | സ്ഥാപനത്തിന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ , തരം | കുറിപ്പ് | ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു. |
|---|---|---|---|---|---|
| 422/2022-23/1779/23.07.22 | ഹൈപ്പർ മാർക്കറ്റ് നടത്തുന്നതിന് | വി.കെ.എം ഹൈപ്പർ മാർക്കറ്റ് | 6/636 A,B,C,D,E,F,G,H,I,J,K,L,M,N | സഞ്ചയയിൽ ഈ കെട്ടിടം ശ്രീ.അബൂബക്കർ,ശ്രീമതി.ഫിറോസിയ, ശ്രീ.ഇസ്മായിൽ,ശ്രീമതി.നഫീസ,ശ്രീ.ഷംസുദ്ധീൻ, ശ്രീമതി.നസീറ (ചാലിൽ ഹൗസ്) എന്നവരുടെ പേരിലാണ്.<br>6/636A-32.75ച മീ GF<br>6/636B-33.55ച മീ GF<br>6/636C-58.45ച മീ GF<br>6/636D-58.75ച മീ GF<br>6/636E-60.55ച മീ GF<br>6/636F-46.97ച മീ GF<br>6/636G-46.77ച മീ GF<br>6/636H-35.19ച മീ FF<br>6/636I-35.99ച മീ FF<br>6/636J-60.89ച മീ FF<br>6/636K-61.19ച മീ FF<br>6/636L-62.99ച മീ FF<br>6/636M-49.41ച മീ FF<br>6/636N-49.21ച മീ FF<br>ആകെ=692.66ച മീ | മേൽ കെട്ടിട |

നമ്പറുകളിലായി ആകെ 692.66 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലാണ് ടി ഹൈപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചത്. ഈ കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 55 രൂപ നിരക്കിൽ കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ ഹൈപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്ന് കണ്ടു.

ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 75 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു ഹൈപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ നികുതി കുറവും സംഭവിക്കുന്നതായി കാണുന്നു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(24/22-23/28.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു.

1996 ലെ കേരളപഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം പഞ്ചായത്തിലെ ഏതൊരു മിച്ചഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൌണ്ടിലും അല്ലെങ്കിൽ ആഡിറ്റ് തരംതിരിവിൽ B യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ ഇതിന് വിരുദ്ധമായി എസ്.ബി.ഐ അരീക്കോട് ശാഖയിലെ ബാങ്ക് അക്കൗണ്ടിലാണ് 2 നിക്ഷേപങ്ങളിലായി 21353976രൂപയുടെ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത്.( 40583816899-10676988/-, 40583817349-10676988/-) ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവഷ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/22-23/30.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിന് വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ DDP-MPM/407/2021-D10 തി.19.01.2022 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 2,65,000/- രൂപ ( തനതുഫണ്ട്- വൗച്ചർ നമ്പർ 22200768/19.12.2022) 72/23 നമ്പർ പദ്ധതി പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് (അക്കൗണ്ട് നമ്പർ 715011400000155 മലപ്പുറം ജില്ലാ ട്രഷറി) കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതിയോ, വിനിയോഗ സാക്ഷ്യപത്രമോ വൗച്ചറിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല. വിശദീകരണം/ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7/24.11.2023 ന് വിനിയോഗ സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് - സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും- പ്രവൃത്തി പൂർത്തീകരണ വിവരം/ വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് - സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ,ഇലക്ട്രിക്കൽ സെക്ഷൻ അരീക്കോട് എന്നവരുടെ അക്കൗണ്ടിലേക്ക് -1563490/-രൂപയും അസിസ്റ്റന്റ് എഞ്ചിനീയർ ,ഇലക്ട്രിക്കൽ സെക്ഷൻ കിഴിശ്ശേരി എന്നവരുടെ അക്കൗണ്ടിലേക്ക് - 436484/- രൂപയും വൗച്ചർ നമ്പർ 22200907/01.02.2023 (1999974/-) പ്രകാരം കൈമാറിയിട്ടുണ്ട്. . എന്നാൽ എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതിയോ, പ്രവൃത്തി പൂർത്തീകരണ വിവരം/ വിനിയോഗ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 6/24.11.2023 ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാകുന്ന മുറക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-19 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ പണം നൽകി ₹ 151762 നഷ്ടം

2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ ടെണ്ടർ പ്രകാരമുള്ള കുറവ് വരുത്താതെ പണം നൽകിയത് മൂലം പഞ്ചായത്തിന്₹ 151762 നഷ്ടമുണ്ടായിട്ടുണ്ട് വിശദ വിവരം താഴെ നൽകുന്നു.

1) അംഗണവാടികളുടെ വൈദ്യുതീകരണം ( 58/23 )

| | | |
|---|---|---|
| കരാറുകാരൻ | ശ്രീ. റഷീദ് പി | |
| കരാർ | നം , തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. (22.8 % കുറവ്) | |
| എം .ബുക്ക് | 05/ 2022-23 | |
| മൂല്യ നിർണ്ണയം | 207366.11 | Page No 45 Of MB |
| നൽകാവുന്ന തുക | 194087 (207366.11 X 77.2% )X 118% + 5185 Fees ) | ടെണ്ടർ കുറവ്, GST, ഇല.സാങ്കേതിക സമിതി ഫീസ് എന്നിവ പരിഗണിച്ചശേഷം |
| നൽകിയ തുക | 2498 77 | ( Bill No 22150952011201520547/ 28.03.2023 ) |
| അധികം നൽകിയത് | 55790 | |

2) കൊഴക്കോട്ടൂർ മൾട്ടിപർപ്പസ് കെട്ടിടത്തിന് മീറ്റർ സ്ഥാപിക്കൽ ( 308/23 )

| | | |
|---|---|---|
| കരാറുകാരൻ | ശ്രീ. റഷീദ് പി | |
| കരാർ | നം , തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. (22 % കുറവ്) | |
| എം .ബുക്ക് | 04/ 2022-23 | |
| മൂല്യ നിർണ്ണയം | 63548.09 | Page No 18 Of MB |
| നൽകാവുന്ന തുക | 62490 (63548.09 X 78% )X 118% + 4000 Fees ) | ടെണ്ടർ കുറവ്, GST, ഇല.സാങ്കേതിക സമിതി ഫീസ് എന്നിവ പരിഗണിച്ചശേഷം |
| നൽകിയ തുക | 78987 | |
| അധികം നൽകിയത് | 16497 | |

3) കാരിപ്പറമ്പ് അംഗനവാടിക്ക് മുകളിലുള്ള സാംസ്കാരിക നിലയം വൈദ്യുതീകരണം ( 141/23 )

| | | |
|---|---|---|
| കരാറുകാരൻ | ശ്രീ. റഷീദ് പി | |
| കരാർ | നം , തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. (22.5 % കുറവ്) | |
| എം .ബുക്ക് | 02/ 2022-23 | |
| മൂല്യ നിർണ്ണയം | 147180.78 | Page No 53 Of MB |
| നൽകാവുന്ന തുക | 138823 (147180.78 X 77.5% )X 118% + 4226 Fees ) | ടെണ്ടർ കുറവ്, GST, ഇല.സാങ്കേതിക സമിതി ഫീസ് എന്നിവ പരിഗണിച്ചശേഷം |
| നൽകിയ തുക | 177899 | |
| അധികം നൽകിയത് | 39076 | |

4) പൂങ്കുടി അംഗനവാടിക്ക് മുകളിലുള്ള വനിതാ തൊഴിൽ പരിശീലന കേന്ദ്രംവൈദ്യുതീകരണം ( 142/23 )

| | | |
|---|---|---|
| കരാറുകാരൻ | ശ്രീ. റഷീദ് പി | |
| കരാർ | നം , തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. (23 % കുറവ്) | |
| എം .ബുക്ക് | 03/ 2022-23 | |
| മൂല്യ നിർണ്ണയം | 148854.59 | Page No 52of MB |
| നൽകാവുന്ന തുക | 139590 (148854.59 X 77% )X 118% + 4341 Fees ) | ടെണ്ടർ കുറവ്, GST, ഇല.സാങ്കേതിക സമിതി ഫീസ് എന്നിവ പരിഗണിച്ചശേഷം |
| നൽകിയ തുക | 179989 | ( Bill No 2215095201120157201З/ 31.03.2023 ) |
| അധികം നൽകിയത് | 40399 | |

കരാറുകാരൻ ക്വോട്ട് ചെയ്ത ടെണ്ടർ കുറവ് വരുത്താതെ പണം നൽകി പഞ്ചായത്തിന് ₹ 151762 അധികച്ചെലവ് വരുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അരീക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ2-2735/2023 തീയതി 11-12-2023 പ്രകാരം തുക തിരിച്ചടച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി 30/ 29.11.2023)

## 1-20 പഞ്ചായത്ത് ഓഫീസ് നവീകരണം -വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണം (69/23) പദ്ധതിക്കായി 2731737/- രൂപ തനതുഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.
!).20.01.2022 ലെ ഭരണ സമിതി യോഗത്തിലെ 2(3) നമ്പർ തീരുമാന പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോ യെ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.
2). 02.02.2022 ന് ഈ ഏജൻസിക്ക് വർക്ക് ഓർഡർ നൽകുകയും കരാറിലേർപ്പെട്ട് (No. 15/07.02.2022) പ്രവർത്തി ആരംഭിക്കുകയും ചെയ്തു.
3). പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി ഏജൻസിയുടെ ഇൻവോയ്സ് KKD 78/19.09.2022 പ്രകാരം 2731737/- രൂപ അനുവദിച്ചിട്ടുണ്ട്.

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ GO(P) 67/2021/Fin Dt 28.04.2021 ഉത്തരവ് പ്രകാരം അംഗീകരിച്ചതാണ്.

മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ( Para 8.2 )
- അക്രഡിറ്റഡ് ഏജൻസി (Non PMC) നേരിട്ട് നടപ്പാക്കുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താൻ പാടില്ല.
- Non PMC പ്രവൃത്തികളിൽ പ്രവൃത്തിയുടെ പണം ക്ലയന്റ് ഡിപ്പാർട്ട്മെന്റിന്റെ എഞ്ചിനിയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ Non PMC ക്ക് നേരിട്ട് നൽകാവുന്നതാണ്.
- Non PMC അക്രഡിറ്റഡ് ഏജൻസി നേരിട്ട് പ്രവൃത്തി നടപ്പാക്കുന്നസാഹചര്യങ്ങളിൽ പ്രവൃത്തി മൂല്യത്തിന്റെ 20% തുക സ്ഥാപനത്തിന് മുൻകൂറായി നൽകാവുന്നതാണ്. ഈ തുക തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുകയും ചെയ്യണം.

പ്രവൃത്തി നടത്തിപ്പ് പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിൽ മേൽ പരാമർശിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത് എന്ന് വ്യക്തമായി.
അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 48/ 30.11.2023 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-21 സൗരോർജ്ജം നിലയം സ്ഥാപിക്കൽ- ഇൻസ്റ്റാളേഷൻ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സൗരോർജ്ജ നിലയം സ്ഥാപിക്കൽ 309/23 എന്ന പദ്ധതി പ്രകാരം 561000/- (2215095201120089868/12.12.2022 – 561000/- പ്ലാൻ ജനറൽ) ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.
1). ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിൽ 7 KW സോളാർ പവർ പ്ലാന്റ് (ശൃഖല ബന്ധിത ) സ്ഥാപിച്ചു നൽകുന്നതുനമായി ബന്ധപ്പെട്ട് അനർട്ട് മലപ്പുറം ജില്ലാ എഞ്ചിനീയറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും 26.12.2022 തിയ്യതിയിൽ ഒപ്പിട്ട കരാർ നിബന്ധന 4 പ്രകാരം തുക അനർട്ടിൽ ഡപ്പോസിറ്റ് ചെയ്ത തിയതി മുതൽ കുറഞ്ഞത് 6 മാസത്തിനുള്ളിൽ അനർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നല്കേണ്ടതാണ്. എന്നാൽ പൂർത്തീകരിച്ചതിന്റെ രേഖകൾ പയലിൽ സൂക്ഷിച്ചിട്ടില്ല.
2).അനർട്ട് ജില്ലാ ഓഫീസ്, ഗുണഭോക്തൃസ്ഥാപനം , പവർപ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസി എന്നിവർ ചേർന്ന് ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ മേൽ കരാർ ഫയലിൽ ലഭ്യമല്ല.
3). ശൃഖല ബന്ധിത പവർപ്ലാന്റ് കമ്മീഷനിംഗ് നടത്തുവാൻ വൈദ്യുതി വിതരണ ലൈസൻസി, ഇലക്ട്രിക്കൽ ഇൻസ്പക്റ്ററേറ്റ് മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയ അനുമതികൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
4). ശൃഖല ബന്ധിത പവർപ്ലാന്റ് കമ്മീഷൻ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.
5). പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ചെലവ് പദ്ധതിക്കായി സ്ഥാപനം ഡപ്പോസിറ്റ് ചെയ്ത തുകയേക്കാൾ കുറവാണെങ്കിൽ അത് കിഴിച്ച് ബാക്കി തുക അനർട്ട് ഗുണഭോക്താവിന് തിരികെ നൽകുന്നതാണെന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ചെലവ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
വിശദീകരണം/ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ (ഓഡിറ്റ് എൻക്വയറി 37/ 30.11.2023 മറുപടി ലഭ്യമാക്കിയില്ല).
വിശദീകരണം/രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ

നിർവ്വഹണം-സെക്രട്ടറി
പദ്ധതി – തെരുവ് വിളക്ക് സ്ഥാപിക്കൽ 23/23
ചെലവ്- 971960/- CFC വൗച്ചർ നം. 22201155/29.03.2023
2021-22 വർഷത്തിൽ 212/22 പദ്ധതിയുടെ ഭാഗമായി സ്ട്രീറ്റ് മെയിൻ വലിച്ച് മീറ്റർ സ്ഥാപിച്ച പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി മുകളിൽ പരാമർശിച്ച സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം 250 തെരുവ് വിളക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യം വെച്ചിരുന്നത്. ഇതിനായി ഇ- ടെണ്ടർ ക്ഷണിച്ചതിൽ സമർപ്പിച്ച 6 ടെണ്ടറുകളുടെ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ടെണ്ടർ സമർപ്പിച്ച എല്ലാ

ഏജൻസികളുടെയും ഉൽപന്നം ഗുണനിലവാര പരിശോധന നടത്തി തെരഞ്ഞെടുക്കുന്നതിനും തുടർ നടപടികൾക്കായി ഭരണ സമിതിയുടെ 17.12.2022 ലെ 2/2(2) തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും കാണുന്നു. ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1). ടെണ്ടർ സമർപ്പിച്ച എല്ലാ ഏജൻസികളുടെയും ഉൽപന്നം ഗുണനിലവാര പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2). മാനേജർ, അമാസ് പവർ കോൺട്രാക്ടേഴ്സ് , ഫറൂക് എന്ന സ്ഥാപനത്തിന് 1363/2023 Dtd, 09.02.2023 ന് സപ്ലൈ ഓർഡർ നൽകിയതായി കാണുന്നു. ഈ ഏജൻസി അല്ല ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തിട്ടുള്ളത്.

3) അമാസ് പവർ കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തിന് A5/2022-23/25.03.2023 നമ്പർ ഇൻവോയ്സ് പ്രകാരം 20 W LED Street Light Installation (1034 എണ്ണം) ചെയ്തതിന് തുക അനുവദിക്കുകയും ചെയ്തതായി കാണുന്നു.

4).A5/2022-23/25.03.2023 നമ്പർ ഇൻവോയ്സ് പ്രകാരം ലഭ്യമായ 20 W LED Street Light Installation (1034 എണ്ണം) സ്റ്റോക്കിലെടുത്ത് (സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ പേജ് നം 16) ഉപയോഗിച്ചതായും കാണുന്നു.

5) . 1 മുതൽ 18 വരെയുള്ള വാർഡുകളിലായി സ്ഥാപിച്ച LED Street Light സംബന്ധിച്ച് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രങ്ങൾ പ്രകാരം 1 മുതൽ 18 വരെയുള്ള വാർഡുകളിലായി ആകെ 973 എണ്ണം LED Street Light കളാണ് Install ചെയ്തിട്ടുള്ളത്.

6) മുഴുവൻ പ്രവൃത്തിയും പൂർത്തിയാക്കാതെ തുക അനുവദിച്ചതായി കാണുന്നു.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (9/24.11.2023) ക്ക് താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കി.

ഇ- ടെണ്ടർ ക്ഷണിച്ചതിൽ സമർപ്പിച്ച 6 ടെണ്ടറുകളുടെ ഗുണനിലവാര പരിശോധന നടത്തുകയും ആയതിൽ പങ്കെടുത്ത 3 ഏജൻസികളിൽ അമാസ് പവർ കോൺട്രാക്ടേഴ്സ് എന്ന ഏജൻസിയുടെ ഉൽപ്പന്നം പ്രൊക്യൂർമെന്റ് കമ്മിറ്റി ( 04-03-2023ലെ തീരുമാനം) തെരഞ്ഞെടുത്ത് അംഗീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ 61 എണ്ണം തെരുവുവിളക്കുകൾ 15 –ാം വാർഡിൽ സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിച്ചു.

എന്നാൽ അരീക്കോട് ഗ്രാമ പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. 04-03-2023ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം 2023-24 ലെ 274-ാം നമ്പർ പദ്ധതിയുമായും 21-ാം നമ്പർ തീരുമാനം 2023-24ലെ 278/24 നമ്പർ പദ്ധതിയുമായും ബന്ധപ്പെട്ട തീരുമാനങ്ങൾ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. 3-ാം നമ്പർ ആയി 2023-24ലെ 384/24ന്റെ (ഗ്രാമപഞ്ചായത്തിലേക്ക് കുടിവെള്ള സൗകര്യം)ക്വട്ടേഷൻ അംഗീകരിച്ചതായും 2022-23ലെ (23/23)ആയി ഖണ്ഡികയിൽ പരാമർശിച്ച അമാസ് പവർ സൊലൂഷന്റെ ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയതായും കാണുന്നു. ഇതിൽ നന്ന് തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് വിശ്വസിക്കാവുന്നതല്ലെന്ന് വ്യക്തമാകുന്നു. 15 –ാം വാർഡിൽ എന്നാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചതെന്ന് വ്യക്തമല്ല.

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- അപാകതകൾ

പ്രൊജക്ട് നം. 274/23 – ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

അടങ്കൽ- 2,04,900 (CFC) + 50,000 (Own) = 2,54,900

ചെലവ്- 62,000 (CFC)

Voucher No. 22200994/25-2-23 Rs. 62,000

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ഈ

പദ്ധതി പ്രകാരം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായി Keltron -ന്റെ Proforma Invoice No. SGMS-A/2495/22-23 Dt. 11-1-2023 പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്കായി തുക മുൻകൂർ നൽകിയിട്ടുണ്ട്.

1. QR Code Printing Charge – Rs. 10,169.50
2. Laptop – Rs. 42,372.90

(9+9= 18% GST )

എന്നാൽ മേൽപറഞ്ഞ ഇനങ്ങൾ സപ്ലൈ ചെയ്തതിന്റെ Tax Invoice ഫയലിൽ ഇല്ല. അസിസ്റ്റന്റ് സെക്രട്ടറിയുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് 85-ൽ Laptop സ്റ്റോക്കിലെടുത്തതായും , ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി. ഷഫാന . വി. പി. ആയത് കൈപ്പറ്റിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

Tax Invoice ഫയലിൽ സൂക്ഷിക്കാത്തതിനും, പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്കല്ലാതെ Laptop ഉപയോഗിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ഈ പദ്ധതി എത്രമാത്രം ഫലപ്രദമായി എന്നതും വിശദീകരിക്കേണ്ടതാണ്.

ഈ പദ്ധതി പ്രകാരമുള്ള QR Code സ്കാൻ ചെയ്യുന്നതിന് വളരെയധികം സമയനഷ്ടം സംഭവിക്കുന്നതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്നതായാണ് ഹരിതകർമ്മ സേന പ്രവർത്തകർ വിശദീകരിച്ചത്.

അപാകതകൾക്ക് പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം. 47/30-11-2023-ക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 1-25 ജലജീവൻ മിഷൻ പദ്ധതി- പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നം.292/23 – ജലജീവൻ മിഷൻ പദ്ധതി

അടങ്കൽ & ചെലവ്: 11,00,000 (Own) + 7,50,000 (BC) = 18,50,000

വൗച്ചർ നം. 22200653/ 8-11-22 Rs. 11,00,000

വൗച്ചർ നം. 22200654/ 8-11-22 Rs. 7,50,000

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ഈ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് മുകളിൽ കാണിച്ച പ്രകാരം 18,50,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്താവശ്യത്തിനാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ജലജീവൻ മിഷൻ അപേക്ഷകൾ എന്ന പേരിൽ 181 പേരുടെ പട്ടിക ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. വാട്ടർ കണക്ഷൻ നൽകുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തതെന്ന് അസിസ്റ്റന്റ് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ആസ്തിയിൽ ചേർത്ത വിവരം അറിയിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം. 46/30-11-2023-ക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 1-26 വാതിൽപ്പടി സേവനം- പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രൊജക്ട് നം.151/23 – വാതിൽപ്പടി സേവനം- ഉപകരണങ്ങൾ വാങ്ങലും അനുബന്ധ ചെലവുകൾ വഹിക്കലും

അടങ്കൽ-1,00,000 (തനത്)

ചെലവ്- 47,697

Voucher No. 22201150/27-3-23 Rs. 47,697

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ഈ പദ്ധതി പ്രകാരം Keltron ന്റെ Proforma Invoice No. TVM/ITBG/PI/RM/0800-1/22-23 Dt. 25-3-2023 Rs. 47,697 -ന്റെ അടിസ്ഥാനത്തിൽ Laptop വാങ്ങുന്നതിനായി തുക മുൻകൂർ നൽകിയിട്ടുണ്ട്.

പദ്ധതി പ്രകാരം എന്തു പ്രവർത്തനങ്ങളാണ് നടന്നതെന്ന വ്യക്തമല്ല. Laptop ലഭിച്ചതിന്റെ Tax Invoice ഫയലിൽ ഇല്ല. എന്നാൽ, അസിസ്റ്റന്റ് സെക്രട്ടറിയുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 85-ൽ Laptop സ്റ്റോക്കിലെടുത്തതായും ആയത്, ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി. ഷഫാന . വി.പി. കൈപ്പറ്റിയതായും കാണിച്ചിട്ടുണ്ട്.

പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 45/30-11-2023-ക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 1-27 ബെയ്ലിംഗ് മെഷീൻ വാങ്ങൽ- പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രൊജക്ട് നം.62/23 – ബെയ്ലിംഗ് മെഷീൻ വാങ്ങൽ

അടങ്കൽ-5,66,971 (CFC) + 83,029 (CSS) = 6,50,000

ചെലവ്- 5,66,971 + 80,879 = 6,47,850

ബിൽ നം. 17/21-3-23 Rs. 5,66,971

ബിൽ നം. 18/21-3-23 Rs. 80,879

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ഈ പദ്ധതി പ്രകാരം Kerala State Industrial Enterprises Ltd -എന്ന സ്ഥാപനത്തിന്റെ Invoice No. TVMBC-0278/22-23 Dt. 20-2-23 പ്രകാരം Bailing Machine 30 MT വാങ്ങിയിട്ടുണ്ട്.

എന്നാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ ഈ ഉപകരണം നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

ആറര ലക്ഷത്തോളം തുക ചെലവഴിച്ച് വാങ്ങിയ വെയിംഗ് മെഷീൻ ഉപയോഗപ്പെടുത്താതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 44/30-11-2023 -ക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 1-28 പാലിയേറ്റീവ് മരുന്നു വാങ്ങൽ- മുഴുവൻ മരുന്നു ലഭിച്ചിട്ടില്ല.

പ്രൊജക്ട് നം.1/23 – പാലിയേറ്റീവ് കെയർ

അടങ്കൽ- 10,00,000 (DF-G)

ചെലവ്- 9,91,524

ബിൽ നം. 17/22-23/31-3-2023 Rs. 1,90,898

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി അരീക്കോട് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം മരുന്നു വാങ്ങുന്നതിനായി മുകളിൽ കാണിച്ച ബിൽ പ്രകാരം KMSCLന് 1,90,898 രൂപ Proforma Invoice No. PRF5834/28-3-2023 പ്രകാരം മുൻകൂർ നൽകിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നു ലഭിച്ചിട്ടില്ല. ലഭിച്ചവയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 2817/10-5-23 | 1,20,422 |
| 2 | 3213/12-5-23 | 7,533 |
| 3 | 9991/20-6-23 | 37,545 |
| | TOTAL | 1,65,500 |
| | മുൻകൂർ | 1,90,898 |
| | ബാക്കി | 25,398 |

ബാക്കി 25,398 രൂപയുടെ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറി നം. 39/30-11-2023 ന് മറുപടി ലഭിച്ചിട്ടില്ല.)

## 1-29 ഹോമിയോ മരുന്നു വാങ്ങൽ- മുഴുവൻ മരുന്നു ലഭിച്ചിട്ടില്ല.

പ്രൊജക്ട് നം.14/23 – ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

ബിൽ (BRN) നം. 22150952023801202900 /16-2-2023 Rs. 3,00,000

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ഈ പദ്ധതി പ്രകാരം മരുന്നു വാങ്ങുന്നതിനാി ഹോംകോയ്ക്ക് 3,00,000 രൂപ മുൻകൂർ നൽകിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നു ലഭിച്ചിട്ടില്ല. ലഭിച്ചവയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | LF 899/8-8-23 | 2,11,937 |
| | മുൻകൂർ | 3,00,000 |
| | ബാക്കി | 88,063 |

ബാക്കി 88,063 രൂപയുടെ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 38/30-11-2023-ന് മറുപടി ലഭിച്ചിട്ടില്ല.)

## 1-30 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400001281 നമ്പർ അക്കൗണ്ടിൽ 23.11.2023 ന് ₹ 325240 യും SBI അരീക്കോട് ശാഖയിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള 67096253226 നമ്പർ അക്കൗണ്ടിൽ 25.09.2023 ന് ₹ 176018 യും, ഇ ടെണ്ടർ ഫീ വരവ് വയ്ക്കുന്ന 37854506409 നം അക്കൗണ്ടിൽ 03.11.2023 ന് ₹ 1088193.49 യും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി.

ഈ അക്കൗണ്ടുകളിലെ വരവ് ചെലവ് വിവരം അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അക്കൗണ്ടുകളിലെ ഇടപാടുകൾ നിരീക്ഷിക്കുന്നതിന് മറ്റ് ഏതെങ്കിലും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ അർഹരായവർക്ക് നൽകിയോ എന്നും ബാക്കി നിൽക്കുന്ന തുക ആർക്കെല്ലാം നൽകാനുള്ളതാണ് എന്നത് സംബന്ധിച്ചും വ്യക്തമായ വിവരം ഇല്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയറുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അതുപോലെ ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ വരവ് വരേണ്ടതുള്ളൂ. എന്നാൽ ഇ ടെണ്ടർ അക്കൗണ്ടിന് പുറമെ മറ്റൊരു അക്കൗണ്ടിലും പണം അവശേഷിക്കുന്നതായി പരിശോധനയിൽ വ്യക്തമായി.

അസിസ്റ്റന്റ് എഞ്ചിനിയർക്ക് ലഭിച്ച പണം യഥാസമയം അർഹരായവർക്കു്ൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിൽ നിന്ന് വ്യക്തമാകുന്നത്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള വിവിധ അക്കൗണ്ടുളിലായി ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 41/ 30.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 അനുമതിയില്ലാത്ത ബാങ്ക് അക്കൗണ്ട്.

SBI യുടെ അരീക്കോട് ശാഖയിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ 67096253226 നമ്പർ SB അക്കൗണ്ട്, 37854506409 നം നമ്പർ കറണ്ട് അക്കൗണ്ട് എന്നിങ്ങനെ രണ്ട് അക്കൗണ്ടുകൾ നിലവിലുണ്ട്.

ഇ ടെണ്ടർ , GST ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് മാത്രമെ സർക്കാർ അനുമതി നൽകിയിട്ടുള്ളൂ. എന്നാൽ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ സർക്കാർ അനുവാദം നൽകിയ കറണ്ട് അക്കൗണ്ടിന് പുറമെ SBI യിൽ ഒരു SB അക്കൗണ്ട് കൂടി നിലവിലുണ്ട്. ഈ അക്കൗണ്ടിൽ 25.09.2023 ന് ₹ 176018 അവശേഷിക്കുന്നുണ്ട് എന്നും ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ വ്യക്തമായി.

അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിൽ മേൽ പരാമർശിച്ച ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് വിവരം രേഖപ്പെടുത്താത്തതിനാൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏതിനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താനായിട്ടില്ല.

SB അക്കൗണ്ടിലെ ചെലവഴിക്കാത്ത തുക ഏതിനത്തിലുള്ളതാണ് എന്ന് കണ്ടെത്തി അർഹരായവർക്ക് നൽകേണ്ടതും സർക്കാർ അനുവാദമില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-32 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് പ്രതിദിന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
4. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്. ഓഫീസ് മേധാവി ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 42/30.11.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

2022-23 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ട് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്.

പ്രവൃത്തിയുടെ വിവരം താഴെ നൽകുന്നു.

**1) മുണ്ടമ്പ്ര സ്കൂളിന് ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ( 25/23 ) ( Price ID 28009/2022)**

TS – 35480/2022-2023 Dt 19.10.2022 ₹ 1495000

കൺവീനർ - ശ്രീ ബാബു. എ

കരാർ -62/AE/LSGD/ AKD/22- 23 Dt 24.01.2023

ചെലവ് - 634858 ( 300,000, 334,858) Part Bill

**2) സ്കൂളിൽഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ( 93/23 )**

TS – 79581/ 2021-22 Dt 29.01.2022 ₹ 1495000

കൺവീനർ - ശ്രീ ചന്ദ്രൻ എ.കെ

കരാർ -100/AE/LSGD/ AKD/21- 22 Dt 10.03.2022

എം ബുക്ക് - 621/ 21-22

ചെലവ് - 1003432 Part Bill

പതിനാലാം പഞ്ചവത്സര പദ്ധതി പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയോ അതിൽ താഴെയോ എസ്റ്റിമേറ്റുള്ള പ്രവൃത്തികൾ മാത്രമാണ് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കാവുന്നത്. സ്വന്തം നിലക്ക് പ്രവൃത്തി ഏറ്റെടുത്ത്

നടത്താൻ വേണ്ട സാമ്പത്തിക ,സാങ്കേതിക, സംഘടനാ ശേഷിയും, സന്നദ്ധതയുമുള്ള അദ്ധ്യാപക രക്ഷാകർതൃ സമിതികൾക്ക് 25 ലക്ഷം വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾക്ക് ബാധകമായ നിബന്ധനകൾ പാലിച്ച് ഏറ്റെടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ( GO(MS) 84/2022/LSGD Dt 19.04.2022 Para 12.2.(5) )

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കി ഡി.ബി 1/ 1559/2010/ സി.ഇ/ ത.സ്വ.ഭ.വ തിയ്യതി 13.11.2014 സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പ്രവൃത്തി ഏറ്റെടുത്തത് PTA കമ്മിറ്റി ആണോ എന്ന് രേഖകളിൽ വ്യക്തമല്ല.
2. PTA കമ്മിറ്റിയുടെ യോഗ മിനുട്ട്സ്, പ്രവൃത്തി ഏറ്റെടുക്കുന്നതിന് തീരുമാനം എടുത്തതിന്റെ വിവരം, തുടർന്ന് യോഗം ചേർന്ന് പ്രവൃത്തി അവലോകനം നടത്തിയതിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല.
3. ഗുണഭോക്തൃ സമിതിയുടെ ബാങ്ക് അക്കൗണ്ട് രേഖകൾ, വരവ് ചെലവ് രേഖകൾ , പ്രവൃത്തി നടത്തുന്നതിന് സാധന സാമഗ്രികൾ വാങ്ങിയതിന്റെ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/24-11-23, 33/29-11-23 ) ക്രമ നം 1 പ്രവൃത്തിയുടെ യോഗ മിനുട്ട്സ്, പ്രവൃത്തിക്ക് പണം ചെലവഴിച്ചതിന്റെ മാന്വൽ കൈപ്പറ്റ് രസീത് എന്നിവ പരിശോധനക്ക് ഹാജരാക്കി. ഇവ അംഗീകരിക്കാനാവില്ല. പ്രവൃത്തി ഏറ്റെടുക്കുന്നതിന് സ്കൂൾ PTA കമ്മിറ്റി തീരുമാനം എടുത്തതിന്റെ രേഖകൾ , പ്രവൃത്തിക്ക് സാധന സാമഗ്രികൾ വാങ്ങിയതിന്റെ യഥാർത്ഥ GST ബില്ലുകൾ , തൊഴിലാളികളെ ഉപയോഗിച്ചതിന്റെ മസ്റ്റർ റോൾ എന്നീ രേഖകൾ, വരവ് ചെലവ് കണക്കുകൾ PTA കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കുന്നത് വരെ ഈ ഇനത്തിലെ ചെലവ് ₹ 1638290 തടസ്സം ചെയ്യുന്നു.

## 1-34 നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെയുള്ളതിൽ പൊതുമരാമത്ത് വകുപ്പിൽ തത്സമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്നും ഈ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ചട്ടം 18).

ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാർ യഥാസമയം കരാർ ചമച്ചില്ലെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ ഈ ചട്ടത്തിൽ പരാർശിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമമാണ് പാലിക്കേണ്ടത്.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 ൽ ഇതുസംബന്ധിച്ച് താഴെ പറയുന്ന നടപടികളാണ് നിർദേശിക്കുന്നത്.

* തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് ഏഴ് ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നൽകണം.

* സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയക്കുന്ന തിയ്യതിയാണ് കൈപ്പറ്റ് തിയ്യതിയായി കണക്കാക്കേണ്ടത്.

* സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെ കരാർ ചമക്കാം.

* നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുശേഷമുള്ള 10 ദിവസം ഒരു ശതമാനം പിഴയോടെ (കുറഞ്ഞത്

1000 പരമാവധി 25000 ) കരാർ ചമക്കാവുന്നതാണ്.

*പിഴയോടെ കരാർ ചമക്കേണ്ട തിയ്യതിക്കകം കരാർ ചമച്ചില്ലെങ്കിൽ സെലക്ഷൻ നോട്ടീസ് കാൻസൽ ചെയ്ത് കരാറുകാരന്റെ EMD പിടിച്ചുവച്ച് അടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ ആദ്യകരാറുകാരന്റെ നിരക്കിന് പ്രവൃത്തി ചെയ്യാൻ തയ്യാറാണോ എന്ന് അന്വേഷിച്ച് രേഖാമൂലം എഴുതി വാങ്ങേണ്ടതും തയ്യാറല്ല എങ്കിൽ പ്രവൃത്തി റി ടെണ്ടർ ചെയ്യേണ്ടതുമാണ്.

ഇത്തരത്തിൽ റി ടെണ്ടർ ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതാണ് എന്നും മാന്വലിൽ നിർദേശിക്കുന്നുണ്ട്.

2022-23 ൽ പണം നൽകിയ സെന്റർ നം 5 പൂക്കോട്ട്ചോല അംഗൻവാടി കെട്ടിട നിർമ്മാണം ( 82/23 ) എന്ന പ്രവൃത്തിയിൽ നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാരനെതിരെ പോതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| പ്രവൃത്തി | സെന്റർ നം 5 പൂക്കോട്ട്ചോല അംഗൻവാടി കെട്ടിട നിർമ്മാണം ( 82/23 ) |
| സാങ്കേതികാനുമതി | 89107/ 2019-20 Dt 08.11.2019 ₹ 14500,00 |
| അംഗീകരിക്കപ്പെട്ട കരാറുകാരൻ - | ശ്രീ സി യൂസുഫ് |
| PAC | 1105489.69 |
| സെലക്ഷൻ നോട്ടീസ് | AE യുടെ 8.01.2020 ലെ GN./2019/AE/LSGD/ARK നമ്പർ<br>( 20.01.2020 ന് കരാറുകാരൻ കൈപ്പറ്റി ) |
| കരാർ | 87/AE/LSGD? AKD Dt 13.03.2020 |
| M Book | 1285/ 20-21, 417/20-21 |
| ചെലവ് | 742888 (01.07.2022), 580000 (18.11.2021 ) (84740 Refunded On 24.02.2022) |

കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 52 ദിവസത്തിന് ശേഷമാണ് കരാർ ചമച്ചത്. നിയമാനുസൃത സമയപരിധിക്കകം കരാർ ചമക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനിയർ സെക്രട്ടറിക്ക് 25.02.2020 ന് കത്ത് നൽകുകയും ചെയ്തതായിരുന്നു. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിക്കാതെ കരാറുകാരന് കരാർ ചമക്കാൻ അവസരം നൽകുകയാണ് ചെയ്തത്.

നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയും തുടർ നടപടി സ്വീകരിക്കാതെയും കരാറുകാരന് കരാർ ചമക്കാൻ അവസരം നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. പിഴ ഇനത്തിൽ ഈടാക്കേണ്ട ₹11055 [ 1% Of 1105489.69 (PAC) ] ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ പിഴ ഈടാക്കാതെ കരാർ ചമക്കാൻ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 40/30.11.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല.,

## 1-35 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ
4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ
5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.
- എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച പഴയ കെട്ടിടങ്ങൾക്ക് ( 01.01.2012 ന് മുമ്പ് നിർമ്മിച്ച ത് ) ഏതെങ്കിലും IIT/NIT / സർക്കാർ എഞ്ചിനിയറിംഗ് കോളേജിലെ സ്ട്രക്ചറൽ എഞ്ചിനിയറിംഗ് വിഭാഗത്തെക്കൊണ്ട് കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

പഞ്ചായത്തിൽ 2022- 23 വർഷങ്ങളിലെ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) ഫിറ്റ്നസ് നൽകിയ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നമ്പർ നൽകിയോ എന്ന് പരിശോധിച്ചിട്ടില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് നൽകുമ്പോൾ ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/25.11.2023 ) അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട് എന്ന് അറിയിച്ചു.

## 1-36 എസ്.എസ്.കെ വിഹിതം - പ്രൊജക്റ്റ് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം ₹ 150,00,00 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| എസ്.എസ്.കെ വിഹിതം അടവാക്കൽ (ജനറൽ) 159/23 | 10,00,000 | Bill No 22150952023600624492/ 10.10.2022 ( Plan Gen ) |
| എസ്.എസ്.കെ വിഹിതം അടവാക്കൽ (എസ്.സി) 160/23 | 500,000 | Bill No 22150952023600624498/ 10.10.2022 ( SCP ) |

എസ്.എസ്.കെ പ്രൊജക്റ്റ് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022 ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ നൽകുന്നു

1. പഞ്ചായത്തുകൾ വകയിരുത്തുന്ന SSK പ്രൊജക്റ്റുകളുടെ വിഹിതങ്ങളിൽ പട്ടിക ജാതി , പട്ടിക വർഗ്ഗം വിഭാഗം വിദ്യാർത്ഥികൾക്ക് ചെലവഴിക്കുന്ന തുക പട്ടികജാതി, പട്ടിക വർഗ്ഗ വിഹിതത്തിൽ നിന്ന് ചെലവഴിക്കാവുന്നതാണ്. ( ഖ 5.2.(2))
2. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)
3. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാജക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. ( ഖ 8.6.4)

പ്രൊജക്റ്റ് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പട്ടികജാതി വിഹിതം ഇനത്തിൽ ₹500,000 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്.സി വിഭാഗത്തിന്റെ ചെലവ് കണക്കാക്കുന്നതതിന് SC വിഭാഗം വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- പ്രൊജക്റ്റിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.
- ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ഗേൾസ് ടോയ്‌ലറ്റ് ഉൾപ്പെടെ ആസ്തി നിർമ്മിച്ചതായും , 1473 പെൺകുട്ടികൾക്ക് സെൽഫ് ഡിഫൻസ് ട്രെയിനിംഗ് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഏതെല്ലാം സ്കൂളുകളിലാണ്

മേൽ പദ്ധതികൾ നടത്തിയത് എന്ന് പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള പ്രൈമറി സ്കൂളുകളിൽനടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം സർക്കാർ നിർദ്ദേശപ്രകാരം പഞ്ചായത്തിനെ അറിയിക്കേണ്ടതും സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്.

SSK പ്രൊജക്ട് നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 26/ 29.11.2023 ) മറുപടി ലഭ്യമാക്കിയില്ല

## 1-37 ടെണ്ടർ നടപടി പാലിക്കാതെ വാങ്ങൽ

2022-23 ൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ 316/23 ഞങ്ങളും കൃഷിയിലേക്ക് - ടെറസ് പച്ചക്കറി കൃഷി എന്ന പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് 25% ഗുണഭോക്തൃ വിഹിതം ഈടാക്കി 10 മൺചട്ടികൾ ഉൾപ്പെടുന്ന ഓരോ യൂനിറ്റ് വീതം 195 യൂനിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്ററിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെയാണ് വാങ്ങൽ നടത്തിയത്. ( Invoice No 291/10.02.2023 ₹ 200000, 351/ 21.02.2023 ₹80,000, 361/ 08.03.2023 ₹32,000)

ചെലവ് - 312000 ( 2215095202410122326/ 21.02.2023 ₹ 150000, 22150952024101516346/ 28.03.2023 ₹ 60000, 22150952024101516466/ 28.03.2023 ₹ 24000 , 78000 )

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖക്ക് ( GO (MS) 115/2022/LSGD Dt 28.05.2022) വ്യക്തത വരുത്തി HDPE ചട്ടി ഉൾപ്പെടെയുള്ള ചട്ടികൾ വാങ്ങുന്നതിന് അനുമതി നൽകിയും ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയും പുറപ്പെടുവിച്ച സ.ഉ (സാ.ധാ) 2854/2022/LSGD Dt 18.11.2022 നം ഉത്തരവ് പ്രകാരം ടെണ്ടർ നടപടികളിലൂടെയാണ് മൺചട്ടികൾ വാങ്ങേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

ടെണ്ടർ നടപടികളിലൂടെയാണ് മൺചട്ടികൾ വാങ്ങേണ്ടത് എന്ന് വ്യക്തമായ സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും അത് പാലിക്കാതെ അഗ്രോ സർവീസ് സെന്ററിൽ നിന്ന് നേരിട്ട് മൺചട്ടികൾ വാങ്ങിയ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/ 28.11.2023 ) അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ കുഴിമണ്ണ എന്ന സ്ഥാപനം കുഴിമണ്ണകൃഷി ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നസ്ഥാപനമായതിനാൽ മേൽ സ്ഥാപനത്തിൽനിന്ന് ടെണ്ടർ കൂടാതെ വാങ്ങാം എന്ന ധാരണയിൽ പഞ്ചായത്ത് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അനുമതിയോടെ യൂനിറ്റ് കോസ്റ്റ് പാലിച്ചാണ് വാങ്ങൽ നടത്തിയത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

മൺ ചട്ടികൾ ടെണ്ടർ നടപടി പാലിച്ചാണ് വാങ്ങേണ്ടത് എന്ന വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും അത് പാലിക്കാതെ നേരിട്ട് വാങ്ങൽ നടത്തിയത് അംഗീകരിക്കുന്നില്ല. ചെലവ് തടസ്സം ചെയ്യുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാർ സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായ വാങ്ങൽ

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.4 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടത്.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രൊജക്ടുകൾ പ്രകാരം വിത്തുകൾ തൈകൾ എന്നിവ ടെണ്ടർ നടപടികൾ പാലിക്കാതെഅരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ, പാലക്കോട് പാടശേഖര നെല്ലുല്പാദക സമിതി എന്നിവരിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മേൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങൾ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ടെണ്ടർ കൂടാതെ വിത്തുകളും തൈകളും വിതരണം ചെയ്യുന്നതിന് അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളല്ല.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | വാങ്ങലിന്റെ വിവരം | ചെലവ് | കുറിപ്പ് |
|---|---|---|---|
| സുസ്ഥിര നെൽകൃഷി വികസനം | പൊൻമണി നെൽ വിത്ത് 880 Kg @41/Kg | 36080 (22150952024100653762/ 16.10.2022) | പാലക്കോട് പാടശേഖര നെല്ലുല്പാദക സമിതി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി.( 18.08.2022 ലെ ഇൻവോയ്സ് ) വാങ്ങൽ നടപടിക്രമം പാലിച്ചിട്ടില്ല. |
| 123/23, തേൻവരിക്ക ഗ്രാമം പദ്ധതി. | 1328 പ്ലാവ്, @ 175/- 664 പേര @100/- Invoice No.352/21-02-2023 | 232400 22150952024101516221/ 28.03.2023 ₹ 166000 66400 Dated 28-03-23 (B.Contribution) | ഗുണഭോക്താക്കളിൽ നിന്ന് 25% ഗുണഭോക്തൃ വിഹിതം ഈടാക്കി ഫലവൃക്ഷങ്ങൾവിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്ററിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെയാണ് വാങ്ങൽ നടത്തിയത്. |
| 122/23, ഞങ്ങളും കൃഷിയിലേക്ക് - പച്ചക്കറി തൈ വിതരണം | 90000 പച്ചക്കറി തൈകൾ ( @ 2.5 / No ) Invoice No.259/14-12-2022 | ₹ 225000 22150952024100931973/ 20.12.2022 | അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ കുഴിമണ്ണയിൽ നിന്നും ടെണ്ടർ/ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. |

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( 14,17/ 28.11.2023 )പൊൻമണി നെൽവിത്ത് മറ്റിടങ്ങളിൽ ലഭ്യമല്ലാത്തതിനാലും സർക്കാർ സ്ഥാപനങ്ങളിലെ വിലയെക്കാൾ കുറഞ്ഞ വിലക്ക് ലഭ്യമല്ലാത്തതിനാലും പാലക്കോട് നെല്ലുത്പാദക പാടശേഖര സമിതി എന്ന സ്ഥാപനം സൊസൈറ്റി ആക്ട് പ്രകാരം കൃഷിഭവന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലുമാണ് അവരിൽ നിന്ന് നേരിട്ട് വാങ്ങിയത് എന്നും അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ കുഴിമണ്ണ എന്ന സ്ഥാപനം കുഴിമണ്ണകൃഷി ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നസ്ഥാപനമായതിനാൽ മേൽ സ്ഥാപനത്തിൽനിന്ന് ടെണ്ടർ കൂടാതെ വാങ്ങാം എന്ന ധാരണയിൽ പഞ്ചായത്ത് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അനുമതിയോടെയാണ് വാങ്ങൽ നടത്തിയത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

മേൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് വിത്തുകളും തൈകളും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവുകൾ ഉണ്ട് എങ്കിൽ അത് പരിശോധനക്ക് ലഭ്യമാക്കേണ്ടതും അല്ല എങ്കിൽ

മാർഗ്ഗരേഖക്ക് വിരുദ്ധമായ വാങ്ങലിന് സർക്കാർ സാധൂകരണം നേടേണ്ടതുമാണ്. അത് വരെ ഈ ഇനത്തിലെ ചെലവ് ₹493480 തടസ്സം ചെയ്യുന്നു.

## 1-39 തെങ്ങിന് ജൈവ വളം- അപാകതകൾ

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.1 പ്രകാരം ജൈവ വളങ്ങൾ വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽകൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്.

2022-23 ൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ കേരഗ്രാമം പദ്ധതി- തെങ്ങിന് ജൈവവളം എന്ന പ്രൊജക്ട് പ്രകാരം രാമപുരം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ൽ നിന്നും ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച കമ്പോസ്റ്റ് വളം വാങ്ങിയതിന് ₹ 1531250 നൽകിയിട്ടുണ്ട്. ( ₹1093750 ( 22150952024100639169/ 12.10.2022 ) , ₹437500 BC )

പ്രൊജക്ട് നടത്തിപ്പിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/25-11-2023) കൃഷി ഓഫീസർ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ജൈവളങ്ങളും രാസവളങ്ങളും ഉത്പാദിപ്പിച്ച് വില്ക്കുന്നതിന് അംഗീകൃത ലൈസൻസ് ഉള്ള സ്ഥാപനം എന്ന നിലയിൽ രാമപുരം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് ജില്ലാ തലത്തിൽ നിശ്ചയിച്ച യൂനിറ്റ് കോസ്റ്റിൽ അധികരിക്കാതെ ഗുണനിലവാരം ഉറപ്പുവരുത്തി നേരിട്ട് വാങ്ങുകയാണ് ചെയ്തത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക് (16/ 28.11.2023 ) കൃഷി ഓഫീസർ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ജൈവളങ്ങളും രാസവളങ്ങളും ഉത്പാദിപ്പിച്ച് വില്ക്കുന്നതിന് അംഗീകൃത ലൈസൻസ് ഉള്ള സ്ഥാപനം എന്ന നിലയിൽ രാമപുരം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് വാങ്ങിയത് എന്ന മറുപടി ശരിയല്ല എന്ന് വ്യക്തമായി. കൃഷി വകുപ്പിന്റെ MPM 87/2021 നം ലൈസൻസ് പ്രകാരം മേൽ പരാമർശിക്കപ്പെട്ട സ്ഥാപനത്തിന് ജൈവവളം രാസവളം എന്നിവ വിതരണം ചെയ്യുന്നതിനുള്ള അനുമതി ( Autherised Seller ) മാത്രമേ ഉള്ളൂ എന്ന് വ്യക്തമായി.

ജൈവവളം ഉത്പാദിപ്പിക്കാത്ത സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികൾ പാലിക്കാതെ ജൈവവളം നേരിട്ട് വാങ്ങിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവ് തുക ₹1093750 തടസ്സം ചെയ്യുന്നു.

രാമപുരം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ജൈവവളം ഉത്പാദിപ്പിക്കുന്ന സ്ഥാപനമാണ് എങ്കിൽ അതിന്റെ രേഖകൾ ( വളം ഉത്പാദിപ്പിക്കുന്നതിനുള്ള അംഗീകാരം, രജിസ്ട്രേഷൻ രേഖകൾ എന്നിവ ) പരിശോധനക്ക് ഹാജരാക്കിയും അല്ല എങ്കിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാർ സാധൂകരണം ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 വിദ്യാഭ്യാസ സ്ഥാപനത്തിലെ -അനധികൃത കെട്ടിടങ്ങൾ.

പഞ്ചായത്തിലെ മൂന്നാം വാർഡിൽ മുസ്‌ലിം എഡ്യുക്കേഷനൽ അസോസിയേഷൻ ( എം.ഇ.എ ) എന്ന സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സുല്ലമുസ്സലാം സയൻസ് കോളേജ് എന്ന വിദ്യാഭ്യാസ സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ വിവരം ഓഡിറ്റിന്റെ ഭാഗമായി പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

| പഞ്ചായത്തിൽ നിന്ന് നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരം | | കോളേജിൽ നിലവിലുള്ള നിർമ്മിതികളുടെ വിവരം | കുറിപ്പ് |
|---|---|---|---|
| 3/187 | 838.62 $M^2$ ( GF ) | മൂന്ന് നിലകളുള്ള 3 അക്കാദമിക് കെട്ടിടങ്ങൾ, നാല് നിലയുള്ള ലേഡീസ് ഹോസ്റ്റൽ കെട്ടിടം, കോളേജ് കാന്റീൻ, ഇൻഡോർ സ്റ്റേഡിയം, ഓപ്പൺ എയർ തിയറ്റർ , ആരാധനാലയം, ഗേൾസ് റിട്ടയറിംഗ് റൂം, കവേർഡ് പാർക്കിംഗ് ഏരിയ | കോളേജിന്റെ ഔദ്യോഗിക വൈബ്സൈറ്റ്, ഓദ്യോഗിക ഫേസ്ബുക്ക് പേജ് എന്നിവയിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കോളേജിൽ നിലവിലുള്ള നിർമ്മിതികളുടെ വിവരം കണക്കാക്കിയത്. |
| 3/188 | 226.55 $M^2$ ( GF ) | | |
| 3/189 | 338.30 $M^2$ ( GF ) | | |
| 3/190 | 338.30 $M^2$ ( GF ) Hostel | | |
| 3/191 | 338.30 $M^2$ ( GF ) Hostel | | |
| TOTAL | 2080.07 | | |

ഓഡിറ്റ് പരിശോധനയിൽ കോളേജിൽ അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് പ്രാഥമികമായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോളേജിലെ കെട്ടിടങ്ങൾ പരിശോധിച്ച് അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തി വിവരം അറിയിക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(11/24.11.2023) അടിസ്ഥാനത്തിൽ പഞ്ചായത്ത് ഉദ്യോഗസ്ഥർ 28.11.2023 ന് കോളേജിൽ നടത്തിയ പരിശോധനയിൽ കോളേജിൽ അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമായതായും നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് കോളേജ് മാനേജ്മെന്റിന് നോട്ടീസ് നൽകിയതായും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അനധികൃ കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ഫുട്ബാൾ വീഡിയോ ആൽബം ഷൂട്ട് ചെയ്യുന്നതിന് അനുമതി - പഞ്ചായത്ത് തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ഫുഡ്ബോൾ മ്യൂസിക്കൽ വീഡിയോ ആൽബം ഷൂട്ട് ചെയ്യാൻ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങൾ (അരീക്കോട് പഞ്ചായത്ത് ഗ്രൗണ്ട്, ബസ് സ്റ്റാന്റ് ,ഉഗ്രപുരം റോഡ്, താഴത്താങ്ങാടി സ്ട്രീറ്റ്, മറ്റു സ്ഥലങ്ങൾ) ഷൂട്ട് ചെയ്യുന്നതിന് പെർമിഷൻ നൽകുന്നതിനും പഞ്ചായത്ത് ഗ്രൗണ്ടിൽ ഗ്യാലറി കെട്ടി ഷൂട്ട് ചെയ്യുന്നതിന് 01.09.2022 മുതൽ 18.09.2022 വരെ വിട്ടു നൽകുന്നതിനുമായുള്ള ആശീർവാദ് സിനിമാസിന്റെ അപേക്ഷയിൽ 50000/-രൂപ ഫീസിനത്തിലും 1 ലക്ഷം രൂപ ഡെപ്പോസിറ്റ് ഇനത്തിലും പഞ്ചായത്തിൽ അടവാക്കി അനുവാദം നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 31.8.2022 ലെ അജണ്ട 5 പ്രകാരം ഭരണ സമിതി ഐകകണ്ഠേന തീരുമാനിച്ചതാണ്.

എന്നാൽ ഈ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ 2022-23 വർഷ AFS പരിശോധിച്ചതിൽ ഈ ഇനത്തിൽ പഞ്ചായത്തിന് വരവ് ലഭിച്ചിട്ടില്ല എന്നും വ്യക്തമായി.

പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ തുടർ നടപടി സ്വീകരിക്കാതെ പഞ്ചായത്തിന് വരുമാന നഷ്ടം വരുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/28.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 ആസ്തി രജിസ്റ്റർ കാലികമാക്കൽ - ഭരണ സമിതി തീരുമാനം നടപ്പാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ വിവരം താഴെ നൽകുന്നു.

**പഞ്ചായത്ത് ഭരണ സമിതിയുടെ 22.04.2022 ലെ അജണ്ട 3 തീരുമാനം 1**

"വിവിധ വാർഷിക പദ്ധതികളിലായി ഏറ്റെടുത്ത് നടത്തിയ പല പ്രവൃത്തികളുടേയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ലഭ്യമല്ലാത്തത് മൂലം പലപ്പോഴും പ്രയാസങ്ങൾ നേരിടുന്നുണ്ടെന്നും ആയതിനാൽ ഇത്തരം ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വാർഡംഗങ്ങൾ നിരന്തരം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 169 പ്രകാരം ഇത്തരം ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ ഏറ്റെടുത്ത് നടത്തുന്നതിന് തീരുമാനിച്ചു.

1. ബന്ധപ്പെട്ട വാർഡംഗങ്ങൾ ലിസ്റ്റ് തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു.

2. ഇത്തരത്തിൽ ലഭിക്കുന്ന കരട് ലിസ്റ്റ് അതത് വാർഡ് പരിധിയിൽ സ്ഥാപിച്ച നോട്ടീസ് ബോർഡിലും, കൂടാതെ ഇവ ക്രോഡീകരിച്ച് പഞ്ചായത്തോഫീസ്, വില്ലേജ് ഓഫീസ്, അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസ് എന്നിവിടങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

3. ലിസ്റ്റ് ബന്ധപ്പെട്ട വാർഡുകളിലെ ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു.

4.പ്രസിദ്ധീകരിച്ച കരട് ലിസ്റ്റ് സംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ ആയത് 30.05.2022 നകം നേരിട്ടോ രജിസ്ട്രേഡ് പോസ്റ്റ് മുഖേനെയോ രേഖാമൂലം പഞ്ചായത്തിൽ സമർപ്പിക്കണമെന്ന വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിലേക്ക് പത്രപരസ്യം നൽകുന്നതിനും തീരുമാനിച്ചു."

**പഞ്ചായത്ത് ഭരണ സമിതിയുടെ 28.3.23 ലെ അജണ്ട 5 തീരുമാനം**

"അരീക്കോട് ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. ആയത് പ്രകാരം നിലവിലുള്ള ആസ്തി രജസ്റ്റർ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലികമാക്കുന്നതിനും നിലവിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ളള്ള സ്ഥാവരവസ്തു വകകൾ പരസ്യപ്പെടുത്തി നിയമപ്രകാരമുള്ള സമയം നൽകി ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയത് കേട്ട് പരിഹരിച്ച് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് യോഗം അംഗീകരിച്ച് തീരുമാനിച്ചു"

പഞ്ചായത്ത് ഭരണ സമിതിയുടെ മേൽ പരാമർശിച്ച തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/28.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-43 കുളത്തിന്റെ ഉടസ്ഥത -പഞ്ചായത്ത് തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

"4ാം വാർഡിലെ പഞ്ചായത്ത് കുളം എന്നറിയപ്പെടുന്ന കുളം സംബന്ധിച്ച റവന്യൂ രേഖകൾ പരിശോധിച്ച് കുളത്തിന്റെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 23.1.2023 ലെ യോഗം അജണ്ട 12 പ്രകാരം തീരുമാനം എടുത്തതാണ്.

മേൽ യോഗ തീരുമാനത്തിനനുസരിച്ച് തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (22/28.11.2023) നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. മേൽ പരാമർശിക്കപ്പെട്ട തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-44 അനധികൃത കെട്ടിട നിർമ്മാണം പഞ്ചായത്ത് ഭരണ സമിതി തീരുമാനം നടപ്പാക്കിയ വിവരം ലഭ്യമല്ല.

അരീക്കോട് ഗ്രാമപഞ്ചായത്തിൽ വാർഡ് 6 ൽ അബ്ദുറഹിമാൻ എം.കെ എന്നിവരുടെ ഉടമസ്ഥതയിലുള്ള 695 നമ്പർ കെട്ടിടത്തോട് ചേർന്ന് നിയമാനുസൃതം അനുമതി വാങ്ങാതെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 റൂൾ 23ന് വിരുദ്ധമായി നിർമ്മാണം നടത്തുന്നു എന്ന് ഓവർസിയർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമസ്ഥന് 3 തവണ നോട്ടീസ് നൽകിയിരുന്നുവെങ്കിലും വിശദീകരണം നൽകുകയോ പൊളിച്ചു നീക്കുകയോ ചെയ്യാത്തതിനാൽ കെ.പി.ബി.ആർ ചട്ടം 235 W (3) പ്രകാരം നടപടി സ്വീകരിക്കുന്നതിന് പ്രസ്തുത നിർമ്മാണം പൊളിച്ചു നീക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടിയുടെ ഭാഗമായി ഓവർസിയർ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് ഭരമസമിതി വിശദമായി ചർച്ച ചെയ്തു. കെട്ടിട ഉടമ അരീക്കോട് ടൗണിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി റോഡിന്റെ വീതി കൂട്ടുന്നതിന് സൗജന്യമായി സ്ഥലം വിട്ടു നൽകിയിട്ടുള്ള വ്യക്തിയായതിനാൽ ടിയാനുമായി പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ ഒരു തവണ നേരിട്ട് ഹിയറിംഗ് നടത്തി അനധികൃത നിർമ്മാണം നടത്തിയ ഭാഗം പൊളിച്ചു നീക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ 22.04.2022 ലെ അജണ്ട 8 പ്രകാരം ഭരണ സമിതി ഐകകണ്ഠേന തീരുമാനിച്ചതാണ്

മേൽ പരാമർശിച്ച ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/28.11.2023)മറുപടിയായി ഇതു സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കി.

പഞ്ചായത്ത് ഭരണ സമിതിയുടെ മേൽ പരാമർശിച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ഹിയറിംഗ് നടത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. അനധികൃത നിർമ്മാണം സംബന്ധിച്ച് പിന്നീട് പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചതായും കാണുന്നില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതും ഇക്കാര്യത്തിൽ നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## <u>1-45 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക - പഞ്ചായത്ത് തീരുമാനം നടപ്പാക്കിയിട്ടില്ല.</u>

ഷോപിംഗ് കോംപ്ലക്സ് റൂമുകളിൽ രണ്ട് വർഷത്തിലധികം വാടക കുടിശ്ശിക ഉള്ള രാജേഷ് കുമാർ ( Room No.6/1219 ),സുൽഫീക്കർ പി (Room No.6/1222 ) എന്നിവരുടെ വാടക നിരവധി തവണ രേഖാമൂലം അറിയിപ്പ് നൽകിയിട്ടും അടവാക്കാത്തതിനാൽ ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനും നാളിതുവരെയുള്ള ബാക്കി തുകക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനും റൂം ഒഴിപ്പിക്കുന്നതിനും 11.8.22 ലെ പഞ്ചായത്ത് ഭരണസമിതി അജണ്ട 7 തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം എടുത്തതാണ്.

മേൽ തീരുമാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/28.11.2023)രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക രേഖ പരിശോധനക്ക് ഹാജറാക്കുകമാത്രമാണ് ചെയ്തത്.

പഞ്ചായത്ത് തീരുമാനപ്രകാരം ശ്രീ സുൽഫീക്കർ പി എന്നവരുടെ 2022 മാർച്ച് 31 വരെയുള്ള വാടക കുടിശ്ശിക - 107713/രൂപയും ജി.എസ്.ടി 19389/രൂപയുംഫ്ലഡ് സെസ് 843/രൂപയും പിഴ 28438/രൂപയും ഉൾപ്പെടെ 156383/ രൂപയാണ്. ടിയാന്റെ ഡെപോസിറ്റ് തുക 102414/രൂപ മാത്രമാണ്.

മേൽ പരാമർശിക്കപ്പെട്ട വാടകക്കാരനിൽ നിന്ന് പഞ്ചായത്ത് തീരുമാനപ്രകാരമുള്ള മുഴുവൻ വാടകയും ഈടാക്കിയതായി കാണുന്നില്ല. ഡെപ്പോസിറ്റ് തുക വാടകയിൽ ക്രമീകരിക്കുകമാത്രമാണ് ചെയ്തത്.

വാടകക്കാരനിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്ന വാടക ഈടാക്കുന്നതിന് പഞ്ചായത്ത് തീരുമാനപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതും ഈടാക്കാൻ അവശേഷിക്കുന്ന വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-46 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ, പരാമർശ വിഷയം ചുരുക്കത്തിൽ | നാളിതുവരെയുള്ള ഗ്രാമപഞ്ചായത്തിന്റെ മറുപടി/ നടപടി വിവരവും, ഓഡിറ്റിന്റെ അവസാന പുനരഭിപ്രായകുറിപ്പ് നിർദ്ദേശവും | ഓഡിറ്റിന്റെ ഭാഗമായി ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരം |
|---|---|---|---|
| 1 | <u>**2019-20 ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 1-15: കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടം റഗുലറൈസ് ചെയ്ത് നമ്പർ നൽകി.**</u><br>ശ്രീ.യഅ്ക്കൂബ്, അയ്യൂബ് എന്നിവരുടെ ഉടമസ്ഥതയിൽ 326/5,326/5-1 എന്നീ റീസർവ്വെ നമ്പറിലുള്ള 3.8 ആർ സ്ഥലത്ത് പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ച 344.12 M2 വിസ്തീർണ്ണമുള്ള, വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചത്.<br><u>ചട്ടലംഘനങ്ങൾ</u><br>**ചട്ടം 37 പ്രവേശന മാർഗ്ഗം** - പ്രവേശന മാർഗ്ഗവും പ്രവേശനം നൽകുന്ന തെരുവിന്റെ വീതിയും സമബന്ധിച്ച ചട്ടം പാലിക്കാതെ നിർമ്മാണം നടത്തി.<br>**ചട്ടം 38 - പാർക്കിംഗ്** - ഈ കെട്ടിടത്തിന്റെ അംഗീകരിച്ച പ്ലാനിൽ പാർക്കിംഗ് സെല്ലാർ ഫ്ലോറിലാണ്. ഇരുചക്ര വാഹന പാർക്കിംഗ് പ്ലാനിലില്ല.കൂടാതെ വാഹനങ്ങൾ പാർക്കിംഗിലേക്ക് പ്രവേശിക്കുന്ന വഴി പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.<br>പ്ലാൻപ്രകാരം പാർക്കിംഗിന് നീക്കിവെച്ച സെല്ലാർ ഫ്ലോർ തരം | കെട്ടിട നമ്പർ റദ്ദാക്കുന്നതിനും ക്രമവൽക്കരിക്കുന്നത്/പൊളിച്ച കളയുന്നത് വരെ UA നമ്പർ നൽകി 3 ഇരട്ടി നികുതി ഈടാക്കുന്നതിനും കെട്ടിട ഉടമക്ക് നോട്ടീസ് നൽകുന്നതിന് ടി കാലയളവിലെ സെക്രട്ടറി ശ്രീ. ജോസഫ് സി.എ, അസി. എഞ്ചിനിയർ ന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട് (ഗ്രാമപഞ്ചായത്തിന്റെ എ2-3056/ 2021/27.08.21 മറുപടി). | ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിക്കുന്ന തുടർ നടപടി സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | മാറ്റം വരുത്തി കടമുറികളാക്കി തിരിക്കുകയും ചെയ്തു .<br>**അംഗീകാരം നേടാതെ ഒരു നിലകൂടി അധികം നിർമ്മിച്ചു.**<br>**ഓഡിറ്റ് നിർദ്ദേശങ്ങൾ** -<br>നോട്ടീസ് നൽകി കെട്ടിട നമ്പർ റദ്ദ് ചെയ്യേണ്ടതും, നിയമാനുസൃതം ക്രമവൽക്കരിക്കുന്നത് വരെ/ കെട്ടിടം പൊളിച്ചു കളയുന്നത് വരെ അനധികൃത കെട്ടിടം എന്ന നിലയിൽ നമ്പർ നൽകി 3 ഇരട്ടി നികുതി ഈടാക്കേണ്ടതുമാണ്.<br>തെറ്റായ പരിശോധനാ റിപ്പോർട്ട് നൽകി അധികൃത നിർമ്മാണം ക്രമവൽക്കരിച്ചതിന് വിശദീകരണം നൽകേണ്ടതും ഉത്തരവാദികൾക്കെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.<br>( 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ ഖ 1-14 ആയും ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. ) | | |
| 2 | **<u>2020-21 ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 1-17: വസ്തു നികുതി- കെട്ടിടത്തിൽ അനധികൃതമായി മാറ്റങ്ങൾ വരുത്തുന്നു.</u>**<br>ശ്രീ. മണ്ണിൽതൊടി ഖാലിദ് , S/O ഉണ്ണിമോയിൻ എന്നവർക്ക് ഏറനാട് താലൂക്കിൽ അരീക്കോട് വില്ലേജിൽ 31/262/3 സർവ്വേ നമ്പറിലുള്ള 32 സെന്റ് (1294.7ച.മീ.) വിസ്തീർണ്ണമുള്ള സ്ഥലത്ത്നിർമ്മിച്ച കെട്ടിടത്തിന് 4/99 A മുതൽ 4/99 O വരെയുള്ള നമ്പറുകൾ അനുവദിച്ചിട്ടുമുണ്ട്.<br>ഓഡിറ്റ് സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ.<br>1) കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിൽ 5 കാർ പാർക്കിംഗ് ആണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ നിലവിൽ ഈ 5 പാർക്കിംഗുകളും വാതിലുകളും ഷട്ടറുകളും സ്ഥാപിച്ച് കടമുറികളാക്കി മാറ്റിയിട്ടുണ്ട്. ആയതിൽ ക്ലിനിക്കുകളും കടകളും പ്രവർത്തിക്കുന്നുണ്ട്.<br>2) കെട്ടിടത്തിന്റെ രണ്ടാം നില ആകെ 14.8x16 മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മാണം പൂർത്തീകരിച്ച് ഇത് വിവിധ മുറികളാക്കി തിരിച്ചിട്ടുണ്ട്.<br>3) പ്ലോട്ടിൽ നിലവിലുള്ള മറ്റൊരു വാണിജ്യ കെട്ടിടവും മൂന്ന് നിലകൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.<br>പ്ലോട്ടിലെ നിർമ്മാണം പരിശോധിച്ച് അനഘികൃത നിർമ്മാണങ്ങൾക്കെതിരെ തുടർ നടപടി സ്വീകരിക്കാനും, വിവരങ്ങൾ ലഭ്യമാക്കാനും ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടു. | അപാകതകൾ ഭരണ സമിതിക്ക് ബോധ്യപ്പെട്ടു, ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടികൾക്ക് ശേഷം വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് (ഗ്രാമപഞ്ചായത്തിന്റെ എ2-1235/2020/17.09.22 നമ്പർ കത്ത്). | ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിക്കുന്ന തുടർ നടപടി സ്വീകരിച്ചിട്ടില്ല. |
| 3 | **<u>2020-21 ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 1-18: ട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചു.</u>**<br><u>(1)</u> ശ്രീ. സാജിദ്, അബൂബക്കർ. 8/305 A മുതൽ H വരെ നമ്പർ | കെട്ടിടങ്ങൾ KPBR പാലിക്കുന്നു എന്നുള്ള ,ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചത്. ഭാവിയിൽ ശ്രദ്ധിക്കുന്നതാണ്(ഗ്രാമപഞ്ചായത്തിന്റെ എ2-1235/2020/17.09.22 നമ്പർ കത്ത്). | പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചത് അംഗീകരിക്കാനാവില്ല. തുടർ നടപടി |

| | | | |
|---|---|---|---|
| | കെട്ടിടത്തിൽ, കെട്ടിടത്തിലേക്ക് ചട്ടപ്രകാരം ആവശ്യമായ 3 കാർ പാർക്കിംഗുകൾ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയത് ഒരു വാഹനത്തിന് പിറകിലായിട്ടാണ് മറ്റൊരു വാഹനം പാർക്ക് ചെയ്യുന്നത്. KPBR 2019ചട്ടം 29(4) പ്രകാരം ഒരു വാഹനം മാറ്റാതെ തന്നെ മറ്റ് വാഹനങ്ങൾ പ്രവേശിക്കുന്നതിനും തിരിക്കുന്നതിനുമുള്ള മതിയായ സൗകര്യം പാർക്കിംഗ് ഏരിയയിൽ വേണം<br><br>(2) ശ്രീമതി സൈനബ& പാത്തുമ്മകുട്ടി എന്നവർ ഏറനാട് താലൂക്കിൽ അരീക്കോട് വില്ലേജിൽ 327/8,9 സർവ്വേ നമ്പറിലുള്ള 230ച.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് 162.34ച.മീ വിസ്തീർണ്ണമുള്ള ഇരുനില ഷോപ്പ് കെട്ടിടം/ കൊമേഴ്സ്യൽ കെട്ടിടം നിർമ്മിച്ചത് 6/825A മുതൽ H വരെ നമ്പറുകൾ നൽകിയത്<br><br>പ്ലാൻ പ്രകാരം ഒരു വാഹനത്തിന് പിറകിലായിട്ടാണ് മറ്റൊരു വാഹനം പാർക്ക് ചെയ്യുന്നത്. ഇത് പ്രകാരം ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ ലഭ്യമാവുന്നില്ല. കെട്ടിടം ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ ചട്ടം 29(4) പ്രകാരം 3മീറ്റർ വീതിയുള്ള വഴി സൗകര്യം പാർക്കിംഗിലേക്ക് വേണമെന്നിരിക്കെ കെട്ടിത്തിന്റെ പാർക്കിംഗിലേക്കുള്ള റോഡ് മെയിൻ റോഡിലേക്ക് തുറക്കുന്ന ഭാഗങ്ങളിൽ 2.30 മീറ്റർ, 2.50 മീറ്റർ എന്നിങ്ങനെയാണ് വീതിയുള്ളത്. മറുഭാഗത്ത് 2.6 മീറ്ററുമാണ് റോഡിന്റെ വീതി | | സ്വീകരിക്കണം എന്ന് ഓഡിറ്റ് നിർദ്ദേശിച്ചങ്കിലും പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടില്ല. |
| 4 | **<u>2021-22 ഓഡിറ്റ് റിപ്പോർട്ട്-ഖണ്ഡിക 1-13: അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.</u>**<br><br>**(1) ഉടമ – ശ്രീ. അബ്ദുൾ ബഷീർ, ഇസ്മയിൽ, അബ്ദുൾ അസീസ്, അലവി, ഹുസൈന്**<br>അനുവദിച്ച നമ്പർ – 6/896 A (188.42ച.മീ), B(102.42ച.മീ), C(78.22ച.മീ), D(92.02ച.മീ)<br><br><u>അപാകതകൾ</u><br><br>A) ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ (428.86 ച.മീ) കെട്ടിടത്തിൽ രണ്ടാം നില അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്.<br><br>B) രണ്ടാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം കൂടി ചേരുമ്പോൾ കെട്ടിടത്തിന്റ കാർ പാർക്കിംഗ് കണക്കാക്കുന്നതിലേക്ക് ആകെ വിസ്തീർണ്ണം 915.81 ച.മീ. ആവും(486.95+428.86) ആയത് പ്രകാരം 11 കാർ പാർക്കിംഗ് സൗകര്യ ഒരുക്കണം.<br><br>C) ഒരു വശം അതിരിനോട് ചേർന്ന് നടപ്പാതയുള്ളതിനാൽ ആ വശത്ത് അതിരിൽ നിന്നും 2 മീറ്റർ അകലം പാലിക്കേണ്ടതാണ്. എന്നാൽ ടി വശത്ത് അതിരിൽ | വിഷയം ഭരണസമിതി ചർച്ച ചെയ്തു, AE-യുടെ റിപ്പോർട്ട് പ്രകാരം അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർവിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് (ഗ്രാമപഞ്ചായത്തിന്റെ എ2-2397/2023/25.05.23 നമ്പർ കത്ത്). | മറുപടിയിൽ പരാമർശിക്കുന്ന തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | നിന്നും കെട്ടിടം 1.4 മീറ്റർ മാത്രം അകലത്തിലാണ്.<br>**(2) ഉടമ – ശ്രീ. അബ്ദുൽ ജബ്ബാർ, അബ്ദുൽ ഹക്കീം.**<br>അനുവദിച്ച നമ്പർ – 9/101 A മുതൽ N വരെ. ആകെ 574ച.മീ(182 GF+182 FF+ 210SF).<br><u>അപാകതകൾ</u><br>നമ്പർ അനുവദിച്ച ഫയൽ പ്രകാരമുള്ള പാർക്കിംഗ് സൗകര്യം സെല്ലാർ ഫ്ലോറിൽ നിലവിൽ ലഭ്യമല്ല. മേൽ കാർ പാർക്കിംഗ് സ്ഥലത്തേക്ക് നിലവിൽ വാഹനം പ്രവേശിക്കാവുന്ന രീതിയിലുള്ള റോഡ് സൗകര്യമില്ല. | | |
| 5 | **<u>2021-22 ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 1-14: മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണ അനുമതി നൽകി</u>**<br>ശ്രീ.മുഹമ്മദ് ജാഫർ.എം.പി & മുഹമ്മദ് ഷഫീഖ് .എം.പി<br>A5-4985/21/23.10.2021റീ.സ.നം31/364/20,24, ഏരിയ - 250 ച.മീ വാണിജ്യകെട്ടിടം, Existing- 273.22 ച.മീ (GF-126.92 + FF- 146.30)<br>Proposed- 146.30 ച.മീ (SF) 419.52 ച.മീ<br>**1) ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഇല്ല.**<br>2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 29 (3) പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഇല്ല.<br>**2) പാർക്കിംഗിൽ നിന്ന് തെരുവിലേക്കുള്ള പ്രവേശന മാർഗ്ഗം കാണിച്ചിട്ടില്ല.**<br>2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 29 (4) പ്രകാരമുള്ള തെരുവുവിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തുനിന്നും തെരുവിലേക്കുള്ള പ്രവേശന മാർഗ്ഗം ലഭ്യമല്ല.<br>**3) പ്ലോട്ട് അതിരിൽ നിന്നുള്ള അകലം സംബന്ധിച്ച റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.**<br>ആദ്യ നില നിർമ്മിച്ചപ്പോൾ അതിരിനോട് നിശ്ചിത അകലം പാലിക്കാതെ നിർമ്മിച്ചു എന്ന് ഉടമസ്ഥൻ തന്നെ അംഗീകരിച്ച കെട്ടിടത്തിന് മുകൾ നില നിർമ്മിച്ചപ്പോൾ താഴത്തെ നിലയിലെ അകലമില്ലായ്മ റിപ്പോർട്ട് ചെയ്യാതെ ചട്ടപ്രകാരമുള്ള അകലം പാലിച്ചു എന്ന് റിപ്പോർട്ട് ചെയ്തു.<br>ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം, അതിരിൽ നിന്നുള്ള അകലം എന്നിവ പാലിക്കാതെ സമർപ്പിക്കപ്പെട്ട പ്ലാൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് തെറ്റായ റിപ്പോർട്ട് നൽകി കെട്ടിട നിർമ്മാണ അനുമതി നൽകി. | വിഷയം ഭരണസമിതി ചർച്ച ചെയ്തു, സ്ഥല പരിശോധന നടത്തിയ AE-യുടെ റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.<br>KPBR പ്രകാരം ഫ്ലോർ ഏരിയക്ക് അനുസൃതമായിട്ടാണ് കാർ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടത് എന്നാണ് AEയുടെ റിപ്പോർട്ടിൽ പരാമർശിച്ചത്. (ഗ്രാമപഞ്ചായത്തിന്റെ എ2-2397/2023/25.05.23 നമ്പർ കത്ത്). | ഭരണ സമിതി നിർദ്ദേശിച്ചപ്രകാരം സ്ഥല പരിശോധന നടത്തിയ AE യുടെ വിശദ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പാർക്കിംഗ്, അതിരിൽ നിന്നുള്ള അകലം എന്നിവയിൽ കെട്ടിട നിർമ്മാണ ചട്ടത്തിന് വിരുദ്ധമായി നിർമ്മിച്ച കെട്ടിടം ചട്ടം പാലിച്ചാണ് നിർമ്മിച്ചത് എന്ന് തെറ്റായി റിപ്പോർട്ട് നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.<br>അനധികൃത നിർമ്മിതി ഉണ്ട് എന്ന് ഓഡിറ്റ് വ്യക്തമാക്കിയിട്ടും കെട്ടിടം പരിശോധിച്ച് ചട്ടപ്രകാരമുള്ള തുടർ നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. |

**അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമായ പരാമർശങ്ങൾ ഉണ്ടാവുകയും അതനുസരിച്ച് തുടർ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഭരണസമിതി നിർദ്ദേശിക്കുകയും ചെയ്തിട്ടും അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഇത് കാലാകാലങ്ങളിലുള്ള പഞ്ചായത്ത് സെക്രട്ടറിമാരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശിക്കപ്പെട്ടിട്ടുള്ള**

**അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.**
**(ഓഡിറ്റ് എൻക്വയറി 29/29.11.2023 മറുപടി ലഭ്യമാക്കിയില്ല.)**

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് നമ്പർ, പേർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 282700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-29/22-23 | 282700 | 0 |
| | 57300 | പൂങ്കുടി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് ഉപകരണങ്ങളും ഫർണ്ണിച്ചറുകളും അനുബന്ധസാധനങ്ങളും വാങ്ങൽ-66/22-23 | 57300 | 0 |
| | 272064 | അരീക്കോട് വയോസൗഹൃദ പബ്ലിക്ക് പാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ-91/22-23 | 272064 | 0 |
| | 1280000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി)-116/22-23 | 1280000 | 0 |
| ജില്ലാ പഞ്ചായത്ത് | 320000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-29/22-23 | 320000 | 0 |
| | 103913 | ബഡ്സ് സ്കൂൾ കെട്ടിട വിപുലീകരണം-97/22-23 | 103913 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് -സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 22200907/ 02.02.2023 | 1999974 | 1999974 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 0 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ പ്രദേശങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22200912/ 02.02.2023 22200570/ 09.10.22 22200627/ 03.11.2022 | 87425 | 87425 | പൂർത്തീകരിച്ചു. | 0 |
| കേരള വാട്ടർ അതോറിറ്റി | വരൾച്ച കുടിവെള്ള വിതരണം | 22200533/ 28.09.22 | 74192 | 74192 | പൂർത്തീകരിച്ചു | 0 |
| കേരള വാട്ടർ അതോറിറ്റി | എം.സി.എഫിന് കുടിവെള്ള കണക്ഷൻ ഏർപ്പെടുത്തൽ | 22201086/ 13.03.2023 | 23074 | 23074 | പൂർത്തീകരിച്ചു | 0 |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ പദ്ധതി | 22200653/ 08.11.2022 | 1850000 | 1850000 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000000 |
| തൻവർഷം നിക്ഷേപിച്ച തുക | 1353976 |
| ആകെ | 21353976 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21353976 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| എസ്.ബി.ഐ.അരീക്കോട് | 10676988 | 40583816899 |
| എസ്.ബി.ഐ.അരീക്കോട് | 10676988 | 40583817349 |
| ആകെ | 21353976 | |

## 4-7 ഓഡിറ്റ് റിക്കവറി

AFS പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 31482/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 8(B) | 26430 | സെക്രട്ടറി | 1220101597/ 01.08.2022 |
| 2020-21 | 2(2) | 5052 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101981/ 26.08.2022 |
| | ആകെ | 31482 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-21 2-22 2-20 2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2000-01(Exp) | 2-21 2-22 | 2006-07 | | നോട്ട് ബുക്ക് നിർമ്മാണ യൂണിററുകൾ | " |
| 1999-00 (Exp) | 2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ 1210000 | " |
| 2000-01 | 2-20 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ 397000 | " |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1999-00 | 2-23 | 2006-07 | | KWA ഡെപ്പോസിററ് വിവിധ പദ്ധതികൾ | " |
| 2000-01 | 2-30 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | " |
| 1999-00 | 2-24 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | " |
| | | 2012-13 | | പ്രവർത്തനക്ഷമത റിപ്പോർട്ട് (തൊഴിലുറപ്പു പദ്ധതി) | " |
| 2013-14 14-15 | 3-1 | 2015-16 | | വെള്ളക്കരം അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(9) | 2016-17 | | തൊഴിൽ നികുതി- അപാകതകൾ | " |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

**ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 25 | പി ലത സെക്രട്ടറി | LF 6458/ Spl.Cell/SC5/06/19.09.2000/25.09.2000 | 36067/- | -- | -- | -- | -- | -- | 36067/- |

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2010-11 | 3-15 | ശ്രീ.ഉണ്ണികൃഷ്ണൻ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ആരോഗ്യ വകുപ്പ്. | LF 17736/ Spl.Cell/SCC/D1/13/15.4.15 | 35000/- | -- | -- | -- | -- | -- | 35000/- |
| 2 | 1996-97 | 48(1)(3), (4)49(2) (3)50,51(1) (2)52,55 | വി ലത സെക്രട്ടറി | LF 167196/Spl.Cell/SC3/2000 07.02.02 | 3028 | 240(Para 50) 37223/43/02.12.04 | | | | 240 | 2788 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 146279168 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 144320112 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3537520 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 1638290 | ശ്രീ. ഗിരീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 312000 | ശ്രീ.നജ്മുദ്ദീൻ, കൃഷി ഓഫീസർ |
| 1-38 | 493480 | ശ്രീ.നജ്മുദ്ദീൻ, കൃഷി ഓഫീസർ |
| 1-39 | 1093750 | ശ്രീ.നജ്മുദ്ദീൻ, കൃഷി ഓഫീസർ |
| ആകെ | 3537520 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെഎസ്എഎം പി എം7/2861/22 തീയതി 26-05-2023 | 19 |
| 1998-99 | എൽ എഫ് എം8/123/04തീയതി.6.10.14 | 5 |
| 1999-00 | എൽ എഫ് എം15/102/06തീയതി.20.04.2023 | 11 |
| 1999-00 വരവ് | കെഎസ്എഎം പി എം452/22 തീയതി 20.04.23 | 8 |
| 2000-01 ചെലവ് | എൽ എഫ് എം15/103/06തീയതി.5.8.06 | 14 |
| 2000-01 വരവ് | എൽ എഫ് എം15/483/07തീയതി.23.3.07 | 6 |
| 2001-02 | എൽ എഫ് എ9/1662/11തീയതി.6.6.12 | 7 |
| 2002-03 | എൽ എഫ് എം15/687/08തീയതി31.12.08 | 8 |
| 2003-04 | എൽ എഫ് എം15/688/08തീയതി.31.12.08 | 4 |
| 2004-05 | എൽ എഫ് എം15/689/08തീയതി.31.12.08 | 4 |
| 2005-06 | എൽ എഫ്എം7/1666/11തീയതി.19.8.13 | 5 |
| 2007-08 | എൽ എഫ്എം7/1668/11തീയതി.19.8.13 | 2 |
| 2010-11 | എൽ എഫ് എം7/794/13തീയതി.23.9.13 | 6 |
| 2011-12, 12-13 | എൽ എഫ് എം7/2557/14തീയതി.16.12.14 | 1 |
| 2013-14 2014-15 | കെഎസ്എഎം പി എം7/739/16 തീയതി 22.05.17 | 2 |
| 2015-16 | കെ എസ് എ എം പി എം7/3014/16 തീയതി.24.02.18 | 5 |
| 2016-17 | കെ എസ് എ എം പി എം7/2175/17 തീയതി.24.07.18 | 9 |
| 2017-18 | കെ എസ് എ എം പി എം7/2613/17 തീയതി.29.11.18 | 13 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം.7/2858/19 തീയതി.4-1-20 | 14 |
| 2019-20 | നം.കെ.എസ്.എ/ എം.പി.എം.7/914/21തീയതി.24-03-2022 | 8 |
| 2020-21 | നം.കെ.എസ്.എ/ എം.പി.എം.7/1077/22തീയതി.29-06-22 | 18 |
| 2021-22 | നം.കെ.എസ്.എ/ എം.പി.എം.7/1139/23തീയതി.24-06-2023 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1)/2023 dated 2(1)/2023 dated 25-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Areacode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Areacode Grama Panchayat for the year 2022-2023

**Date: 18/12/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Areacode Grama Panchayat for the Year 2022-2023.

### 1.Major Observations

NIL

### 2.Other Observations

1)Asset Register is not upto date and hence not reliable for audit
2)The following mandatory financial statements prescribed in accounting rules are not submitted for audit
i. Ratios
ii. Notes on accounts
iii. Comparative amounts)
3)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balanceof cash and cash equivalents.
4)Depreciation Calculation Worksheet for Fixed Assets is not presented for verification.

5) Bank Reconciliation statements are not duly certified by the Secretary.
6) There is no annual abstract is recorded in the following registers and not certified/authorized by the secretary

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്